വരണ നയം അടിച്ചേല്പിക്കാനോ അവയിലെ സീററുകളിൽ നിന്ന് നിശ്ചിതമായൊരു ഭാഗം പിടിച്ചെടുക്കാനോ സർക്കാരിന് അവകാശമില്ലെന്നു വ്യക്തമാക്കിക്കൊണ്ടും സുപ്രീംകോടതിയുടെ ഏഴംഗ ബെഞ്ച് വെള്ളിയാഴ്ച പ്രഖ്യാപിച്ച വിധി, ഫലത്തിൽ, സാധാരണക്കാരുടെ ഉന്നത - പ്രൊഫഷണൽ വിദ്യാഭ്യാസ സ്വപ്നങ്ങളെ തകർക്കുന്നൊരടിയായിരിക്കുന്നു. ന്യൂനപക്ഷമോ 'അന്യൂന' പക്ഷമോ ആരു നടത്തുന്നതുമാകട്ടെ, എല്ലാ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഈ വിധിക്കു പ്രാബല്യമുണ്ട്. ഇനി, വേണമെങ്കിൽ, ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ വിദ്യാർഥികളെമാത്രം എടുത്താൽ മതിയെന്നു വെയ്ക്കാം; 'അന്യൂന' പക്ഷ സ്ഥാപനങ്ങൾക്കും അങ്ങനെതന്നെ പ്രവർത്തിക്കാം. വിദ്യാർഥികളെ എടുക്കുന്നതിനുള്ള നടപടിക്രമങ്ങളും സ്വാശ്രയസ്ഥാപനങ്ങൾക്ക് സ്വയം നിശ്ചയിക്കാം. ഫീസ് മാനേജ്മെന്റുകൾക്ക് ഇഷ്ടംപോലെ നിശ്ചിക്കാമെന്നതുകൊണ്ട്, രണ്ടു വിഭാഗങ്ങളിലുമുള്ള പാവപ്പെട്ടവരും സാധാരണക്കാരുമായ വിദ്യാർഥികൾക്ക് - അവർ എത്ര മെരിററുള്ളവരായാലും - അത് താങ്ങാനാവാത്തതാകുമെന്നു വ്യക്തം...

സമൂഹത്തിന്റെ പൊതുതാത്പര്യങ്ങൾ പരിഗണിക്കുമ്പോൾ, സ്വകാര്യവത്ക്കരണം വിദ്യാഭ്യാസരംഗത്ത് പരിപൂർണ്ണപരാജയമാണെന്ന് പരോക്ഷമായി തെളിയിക്കുന്നു, പരമോന്നത നീതി പീഠത്തിന്റെ ഈ വിധി. ഈ പരാജയം തുടരാനനുവദിച്ചുകൂടാ. "രണ്ട് സ്വാശ്രയ കോളേജുകൾ ഒരു സർക്കാർ കോളജിനു സമം" എന്ന എ. കെ. ആന്റണിയുടെ കാലത്തെ സമവാക്യത്തിന്റെ നിരർത്ഥകത പൂർണമായിരിക്കുന്നു. കൈനീട്ടിയവർക്കെല്ലാം വാരിക്കോരിക്കൊടുത്തവർ സ്വാശ്രയ സ്ഥാപനങ്ങൾക്ക് ഒരുപത്തുകൊല്ലത്തേക്ക് മോറട്ടോറിയം പ്രഖ്യാപിക്കണം. പുതിയ ഉന്നത - പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, അടിസ്ഥാന വ്യവസ്ഥകൾ മുഴുവൻ പാലിക്കാതെ സ്ഥാപിച്ചു പ്രവർത്തിക്കുന്നവയുടെ അംഗീകാരം പിൻവലിക്കണം. സ്വകാര്യവല്ക്കരണം മാററിവെച്ച്, ഈ രംഗത്തേക്ക് സർക്കാർ പൂർണശക്തിയോടെ തിരിച്ചുവരണം. മെറിററ് മുഖ്യമാനദണ്ഡമാക്കിയും യുക്തിയുക്തമായ സംവരണതത്ത്വങ്ങൾ പാലിച്ചും ന്യായമായ ഫീസ് പിരിച്ചും സർക്കാർ കോളജുകൾ സ്ഥാപിച്ചു നടത്തണം. ഇത്തരം കാര്യങ്ങൾക്കെല്ലാം ആധാരമായി ഒരു കേന്ദ്രനിയമം വരുന്നുവെന്നു കേൾക്കാൻ തുടങ്ങിയിട്ട് ഏറെക്കാലമായി. അതുവന്നിരുന്നെങ്കിൽ, ഇങ്ങനെയൊരു വിധി ഉണ്ടാകുമായിരുന്നില്ല. സമഗ്രമായ ആ നിയമം വരുന്നതുവരെ മാത്രമേ ഈ വിധിക്ക് പ്രാബല്യമുണ്ടാകൂ എന്ന് കോടതിതന്നെ വ്യക്തമാക്കിയിട്ടുള്ളതുകൊണ്ട്, അതുണ്ടാക്കാനാണ് നമ്മുടെ ജനപ്രതിനിധികൾ ഉടൻ ശ്രമിക്കേണ്ടത്.

# കോടതി വിധിക്കപ്പുറത്തെ യാഥാർത്ഥ്യങ്ങൾ

ന്യൂനപക്ഷ, ന്യൂനപക്ഷയിതര സ്വാശ്രയ പ്രഫഷനൽ കോളജുകൾക്കു പൂർണ്ണ സ്വാതന്ത്ര്യം അനുവദിച്ചു കൊണ്ടുള്ള സുപ്രീം കോടതി ഭരണഘടനാ ബഞ്ചിന്റെ വിധി സമ്മിശ്രമായ പ്രതികരണം കേരളത്തിൽ സൃഷ്ടിച്ചതു സ്വാഭാവികം മാത്രം. ഈ സ്ഥാപനങ്ങളിലെ 100% സീററും മാനേജ്മെന്റിന് ഇനി അവകാശപ്പെടാം. നീതിപൂർവ്വവും സുതാര്യവും ചൂഷണമില്ലാത്തതുമായ രീതിയിൽ വേണം പ്രവേശന നടപടികളെന്നു ചീഫ് ജസ്ററിസ് ആർ. സി. ലഹോട്ടി അധ്യക്ഷനായുള്ള ഏഴംഗബഞ്ച് വ്യക്തമാക്കുകയും ചെയ്തു.

സർക്കാരിന്റെ ഇടപെടലുകൾ കൂടാതെ സ്വാശ്രയ സ്ഥാപനങ്ങൾക്കു പ്രവർത്തിക്കാനാകും എന്നതാണു സുപ്രീംകോടതി വിധിയുടെ പ്രാഥമിക ഫലം. ടി. എം. എ പൈ കേസിലെ വിധിയുടെ തുടർച്ചയായിത്തീരുന്ന ഈ സുപ്രധാന തീരുമാനത്തിലെത്താനുള്ള കാരണവും സുപ്രീംകോടതി വിശദീകരിക്കുന്നു. സർക്കാരിന്റെ സഹായമില്ലാതെ പ്രവർത്തിക്കുന്നതിനാൽ ഈ സ്ഥാപനങ്ങൾക്ക്, അതു ന്യൂനപക്ഷത്തിന്റേതായാലും അല്ലെങ്കിലും വിലക്കുകളും നിയന്ത്രണങ്ങളും ഏർപ്പെടുത്താൻ സർക്കാരിന് അവകാശമില്ല. പ്രഫഷനൽ വിദ്യാഭ്യാസ സൗകര്യങ്ങൾ കൂടുതലായി ഏർപ്പെടുത്താൻ സംസ്ഥാനങ്ങൾക്കു സാമ്പത്തിക പരിമിതികളുണ്ട്. ആ വിടവു നികത്തുകയാണു സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ, ആ നിലയ്ക്ക് സർക്കാർ ക്വോട്ടയും സംവരണ വ്യവസ്ഥകളും ഈ സ്ഥാപനങ്ങൾക്കു ബാധകമല്ലെന്നാണു കോടതിയുടെ നിലപാട്...

സൗജന്യനിരക്കിൽ ഫീസ് ഈടാക്കിയും സ്കോളർഷിപ്പ് നൽകിയും മററും സമർത്ഥരും എന്നാൽ പാവപ്പെട്ടവരുമായ കുട്ടികളെ സഹായിച്ചുകൊണ്ടു സ്വകാര്യ സ്ഥാപനങ്ങൾ സമൂഹത്തോടുള്ള കടമ നിറവേററണ്ടഘട്ടംകൂടിയാണിത്. ഈ രംഗത്തു കേരളത്തിലെ ചില സ്വകാര്യ മാനേജ്മെന്റുകൾ കാട്ടിയ മാതൃക ഇപ്പോൾ തന്നെ നമ്മുടെ മുൻപിലുണ്ട്. ആത്മാവും മനഃസാക്ഷിയുമുള്ള വിദ്യാഭ്യാസ വ്യവസ്ഥയാണ് കാലം നമ്മോട് ആവശ്യപ്പെടുന്നത്...

# Admissions: Left for new Legislation

The Left parties on Saturday said the United Progressive Alliance Government should bring forth a legislation to ensure that private professional educational institutions conformed to certain norms concerning admission, with the Communist Party of India describing the Supreme Court judgment on the autonomy of such institutions as "retrograde".

The judgement concerning the private professional educational institutions clearly pointed to the need for a legislative empowerment in order to ensure that these conformed to certain norms concerning admissions, fee structure and the content of the syllabus.

The Communist Party of India (Marxist) said it had been suggesting that a central legislation must be enacted to empower State Governments to institute a mechanism for exercising social control on these matters. "This is absolutely necessary in order to ensure that higher professional education does not become a commodity to be sold only to those who can afford it," the Polit Bureau said in a statement.

**CPI National Council**

"In the name of protecting the freedom of the private institutions not enjoying Government grant and aid, the Supreme Court has, in fact, allowed the private management to ignore not only the nationally accepted policy of reservation but also has impinged upon the right of the socially-challenged young people to have access to education in these institutions in a limited way," the CPI National Council said.

# Bring in quota law for unaided colleges: Left

The Left parties on Wednesday urged the Centre to bring in legislation during the winter session of Parliament to ensure reservation in unaided professional colleges, in the wake of the August Supreme Court order.

A delegation, headed by Communist Party of India general secretary A. B. Bardhan, met Prime minister Manmohan Singh here, and made suggestions on some form of social control over such institutions, an admission policy providing for reservation, and course content, Communist Party of India (Marxist) Polit Bureau member Sitaram Yechury said.

# Kodiyeri seeks 'white paper' on self - financing colleges issue

Says Supreme Court verdict gave free hand to private managements

Special Correspondent

Thiruvananthapuram: The CPI (M) deputy legislature party leader Kodiyeri Balakrishnan has demanded a 'white paper' on the way the Government had handled the cases relating to self-financing professional college admissions and fees.

There were also allegations that the counsels who had appeared for the State had not presented the facts before the apex court and had communicated the impression that 7 per cent of seats in self-financing professional colleges in Kerala formed part of the management quota, he added. The CPI (M) leader said the Supreme Court verdict giving a free hand to the private managements to take all decisions relating to admissions and fee structure because they have invested money to set up the colleges would imply that private bus owners would no longer have to seek the Government's clearance to hike bus fares.

# NC(I) flays judgment

National Congress(I) president K.Muraleedharan said the Supreme Court verdict on self-financing colleges would have an adverse effect on the higher education sector in the State. The verdict had overturned the attempts of democratic partiesto end the monopoly of upper class in the higher education sector and bring it within reach of the weaker sections.

# Apex court verdict ignores social reality, says Antony

## Centre urged to ensure that 50 per cent quota is retained

Congress Working Committee (CWC) member and the former Chief Minister of Kerala A. K. Antony said the Supreme Court verdict on self-financing professional colleges did not take into consideration the social reality prevailing in Kerala's education sector.

Mr. Antony said human resource and higher education standards were the two main assets of the State.

Mr. Antony, who promoted self-financing professional Institutions in a big way during his tenure as Chief Minister, said the policy had been formualted with a correct understanding of the situation. Under the conception that two self-financing colleges were equal to one Government college, the 50 percent reservation of seats as Government quota had been stipulated in order to provide opportunity to meritorious students to seek education in these institutions.

Mr. Antony blamed the management of these colleges for trying to overturn the Government's plans and the aspirations of the people by moving the Supreme Court and getting a favourable verdict. Mr. Antony wanted Parliament to pass a legislation that would be applicable all over the country, given the fact that education was a service sector that required social commitment. While passing such legislation, it should be ensured that the 50 per cent Government quota is retained, he added.

# Quota in educational institutions must: Naidu

## Calls for all-party meet to discuss restoration of reservations

The former Chief Minister and Telugu Desam president, N. Chandrababu Naidu, has deplored the Supreme Court Judgment abolishing reservations in private colleges.

He has urged the Prime Minister, Manmohan Singh, to convene an all-party meeting to discuss as to how the reservation policy in these institutions can be restored.

The Government should explore whether a Constitutional amendment was required to get over legal wrangles.

Mr. Naidu said it was up to all political parties and also the judiciary to ponder over the limitations of weaker sections in accessing education in a developing country. Opportunities for development will open up for such a country only in future.

# Rajgopal calls for new legislation

The former Union Minister and BJP leader O. Rajagopal on Saturday urged the Union Government to enact a new legislation during the current session of Parliament to address the social issues involved in the verdict of the Supreme Court on self-financing colleges.

He said the former Chief Minister A. K. Antony had wanted to bind the self-financing colleges to firm conditions through a memorandum of understanding between them and the Government.

"Mr. Antony's move was sabotaged by Oommen Chandy and P. K. Kunhalikutty," Mr. Rajagopal alleged.

# Quotas: call for joint strategy on judgment fallout

Member of the National Commission for Backward Classes, B. Babu Rao Verma, said a joint strategy who would be chalked out with National Commissions for the Scheduled Castes and the Scheduled Tribes to deal with the situation arising out of the Supreme court verdict removing quotas from unaided private professional colleges.

Mr. Verma reacted sharply to the judgment and said it was against the affirmative action enshrined in the Constitution in favour of the deprived classes. The fee hand given to the private colleges is bound to affect enormously the chances of lakhs of candidates of these sections to pursue higher education.

## Tamil Nadu seeks legislation on admissions to unaided colleges

Chief Minister Jayalalithaa urged the Centre to bring in legislation in parliament to end the "anomalous situation" created by the Supreme Court's judgment on admission to unaided private professional colleges.

"Such legislation had been under discussion for a long while and is definitely overdue," she said in a statement.

Ms. Jayalalithaa said the powers of the State Government should be prescribed in the legislation to ensure that the college managements followed government regulations on determination of merit and reservation.

## സ്വാശ്രയ കോളജുകളെ നിയന്ത്രിക്കാൻ കേന്ദ്രനിയമം വേണം: സിപിഐ (എം)

സ്വകാര്യ പ്രൊഫഷണൽ കോളജുകൾക്കുമേൽ സാമൂഹ്യനിയന്ത്രണം ഏർപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് അധികാരം നൽകുന്ന കേന്ദ്രനിയമം കൊണ്ടുവരണമെന്ന് സി പി ഐ (എം) പൊളിറ്റ്ബ്യൂറോ ആവശ്യപ്പെട്ടു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമാക്കാൻ ഇത്തരമൊരു നിയമനിർമാണം അനിവാര്യമാണ്. അടുത്ത അധ്യയനവർഷം ആരംഭിക്കുന്നതിനുമുമ്പെങ്കിലും നിയമനിർമാണം നടത്താൻ യു പി എ ഗവർമെണ്ട് തയ്യാറാവണം.

## Committed to reservation, says Centre Elders seek legislation to overcome Supreme Court order

The Government said that it would "immediately" take steps to fulfil its commitment to reservation in educational institutions. The brief statement by Minister of State for Parliamentary Affairs Suresh Pachouri followed the demand by several members in the Rajya Sabha for legislation to overcome the Supreme Court order last week ruling out reservations and quotas in unaided private professional colleges.

"The entire House has expressed its concern over the Supreme Court order. The United Progressive Alliance Government is committed to reservation for the SCs and the STs. After conducting a complete review and taking it very seriously, the Government will take necessary steps in this direction," said Mr. Pachouri.

## സ്വാശ്രയ വിധി മറികടക്കാൻ നിയമം നിർമ്മിക്കണം: പ്രകാശ് കാരാട്ട്

സ്വാശ്രയകോളജ് സംബന്ധിച്ച സുപ്രീം കോടതി വിധി മറികടക്കാൻ കേന്ദ്രം നിയമനിർമ്മാണം നടത്തണമെന്ന് സി പി ഐ (എം) ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട് പറഞ്ഞു. ഇക്കാര്യത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും സഹകരിക്കണമെന്നും കാരാട്ട് ആവശ്യപ്പെട്ടു.

സുപ്രീം കോടതി വിധി രാജ്യവ്യാപകമായി വിദ്യാഭ്യാസ മേഖലയിൽ ഗുരുതരമായ പ്രതിസന്ധി സൃഷ്ടിക്കും. വിദ്യാഭ്യാസ മേഖലയിൽ നിന്ന് സാധാരണക്കാരനെ പുറത്താക്കുന്ന ഈ വിധി മറികടക്കുന്നതും സംസ്ഥാനങ്ങൾക്ക് കരുത്ത് പകരുന്നതുമായിരിക്കണം പുതിയ [illegible]മമെന്നും കാരാട്ട് പറഞ്ഞു.

## കോടതിയും ഭരണകൂടവും ജനങ്ങളെ അടിച്ചമർത്തുന്നു. പിണറായി

കോടതിയും ഭരണകൂടവും ജനങ്ങളെ അടിച്ചമർത്തുകയാണെന്ന് സി പി ഐ (എം) സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ പറഞ്ഞു. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എല്ലാ അധികാരവും നൽകി സർക്കാരിനെ നോക്കുകുത്തിയാക്കുന്ന സുപ്രീംകോടതി ഭരണഘടനാ ബഞ്ചിന്റെ വിധി ഇതിനുദാഹരണമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

## കോടതികൾ ജനപക്ഷത്ത് നിലകൊള്ളണം: വി. എസ്. അച്യുതാനന്ദൻ

ഒരു ദരിദ്രരാജ്യമായ ഇന്ത്യയിൽ നിയമപരിരക്ഷ ഏററവും കൂടുതൽ ആവശ്യമുള്ളത് അവശർ, അശരണർ, ദരിദ്രർ എന്നിവർക്കാണ്. ഭൂരിപക്ഷം വരുന്ന ഈ വിഭാഗങ്ങൾക്ക് നിയമപരിരക്ഷ ഉറപ്പാക്കുന്നതിനുള്ള നിയമങ്ങൾ നിർമ്മിക്കാനുള്ള ചുമതല ഫസ്ററ് സ്റേററ് എന്നറിയപ്പെടുന്ന നിയമ നിർമാണസഭകളായ പാർലമെന്റിനും നിയമസഭകൾക്കുമാണ്. ഇങ്ങനെ രൂപീകരിക്കുന്ന നിയമങ്ങൾ പ്രകാരമുള്ള സംരക്ഷണം അത് അർഹിക്കുന്ന ജനവിഭാഗങ്ങൾക്ക് ഉറപ്പുവരുത്തുക എന്ന തന്ത്രപ്രധാനമായ ചുമതലയാണ് രാജ്യത്തെ നീതിന്യായ കോ

ടതികളിൽ നിക്ഷിപ്തമായിട്ടുള്ളത്.

പതിററാണ്ടുകളായി കോടതികൾ ആ ചുമതല സ്തുത്യർഹമായ രീതിയിൽ നിർവഹിച്ചുപോരുന്നു. രാജ്യത്തെയും സംസ്ഥാനങ്ങളിലെയും നിയമനിർമ്മാണ സഭകൾ കാലാകാലങ്ങളിൽ ഉണ്ടാക്കുന്ന നിയമങ്ങളുടെ പരിരക്ഷ രാജ്യത്തെ അവശരും നിരാലംബരുമായ ജനങ്ങൾക്ക് ഉറപ്പുവരുത്തുന്ന ഒട്ടേറെ വിപ്ലവകരമായ വിധിന്യായങ്ങൾ കോടതികളിൽ നിന്ന് ഉണ്ടായിട്ടുണ്ട്.

എന്നാൽ തികച്ചും നിർഭാഗ്യകരമെന്നു പറയട്ടെ, നീതിന്യായ കോടതികൾ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഈ അടിസ്ഥാന ചുമതലയിൽ നിന്ന് വ്യതിചലിക്കുകയാണ് എന്ന ധാരണ പരത്തുന്ന ഒട്ടേറെ വിധിന്യായങ്ങൾ സമീപകാലത്തായി ഉണ്ടാകുന്നുണ്ട് എന്നു പറയാതെവയ്യ. ആഗോളവൽക്കരണ കാലഘട്ടത്തിൽ കുത്തകകളുടെയും സമ്പന്നവർഗങ്ങളുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ കോടതികളും ഒരു പങ്ക് വഹിക്കുന്നു എന്ന ആക്ഷേപം ഉയർന്നിരിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്.

## വിദ്യാഭ്യാസ മേഖല സാമ്രാജ്യത്വം കീഴടക്കുന്ന കാലം വിദൂരമല്ല: ഡോ. കെ. എൻ. പണിക്കർ

സാമ്രാജ്യത്വ ശക്തികൾ നമ്മുടെ വിദ്യാഭ്യാസമേഖലയെ കീഴടക്കുന്ന കാലം വിദൂരമല്ലെന്ന് പ്രശസ്ത ചരിത്രകാരൻ ഡോ. കെ. എൻ. പണിക്കർ അഭിപ്രായപ്പെട്ടു.

ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും വിദേശ സർവകലാശാലകളുടെ ഷോപ്പുകൾ തുറന്നുകഴിഞ്ഞു. കേരളത്തിലും സമീപഭാവിയിൽ അവ കടന്നുവരും. ഇവിടേക്ക് വിദേശ സർവകലാശാലകൾ കടന്നുവരുന്നതോടെ നമ്മുടെ വൈജ്ഞാനിക മണ്ഡലത്തെ അധിനിവേശം കീഴടക്കും. അമേരിക്കയിൽ വിദ്യാഭ്യാസം സ്റേറാക്ക് എക്സ്ചേഞ്ചിൽ മുതൽമുടക്കുള്ള വ്യവസായമാണ്. സ്വാതന്ത്ര്യം നേടി 58 വർഷങ്ങൾക്കുശേഷവും അധിനിവേശത്തിനെതിരെ സംസാരിക്കേണ്ടി വരുന്നത് ദുരന്തമാണ്. നമ്മുടെ മനസ്സുകളിൽ നിന്ന് കൊളോണിയലിസം കുടിയിറങ്ങിയിട്ടില്ലെന്നാണ് ഇതു വ്യക്തമാക്കുന്നത്.

ആഗോളവൽക്കരണത്തിനെതിരായ പ്രതിരോധത്തിന്റെ ആദ്യ ചുവടുവെപ്പാണ് ആശയസമരം. അടുത്തഘട്ടം എങ്ങനെയാകണമെന്നതിനെക്കുറിച്ച് കൂട്ടായ ചിന്ത ആവശ്യമാണ്. ബഹുരാഷ്ട്ര കുത്തക മുതലാളി വർഗത്തിന്റെ വേരറുത്താൽ മാത്രമേ അധിനിവേശത്തെ ചെറുത്തുതോൽപിക്കാനാകൂ എന്നും ഡോ. പണിക്കർ പറഞ്ഞു.

# സുപ്രിംകോടതി വിധി മറികടക്കാൻ നിയമം ഉടൻ വേണം: എസ് എഫ് ഐ

സ്വാശ്രയ വിദ്യാഭ്യാസ കച്ചവടക്കാർക്ക് നൂറുശതമാനം സീററും കച്ചവടം ചെയ്യാൻ അവസരം നൽകിക്കൊണ്ടുള്ള സുപ്രിംകോടതിവിധിയിൽ എസ് എഫ് ഐ സംസ്ഥാന സെക്രട്ടറിയേററ് പ്രതിഷേധിച്ചു. ഉന്നതവിദ്യാഭ്യാസരംഗത്തെ മുഴുവൻ മൂല്യങ്ങളും തകർക്കുന്നതാണ് കോടതിവിധി. യു പി എ ഗവർമെണ്ടിന്റെ പൊതുമിനിമം പരിപാടി പ്രകാരം ഒരു വിദ്യാർഥിക്കുപോലും പണമില്ലെന്ന കാരണത്താൽ വിദ്യാഭ്യാസം നിഷേധിക്കപ്പെടില്ല എന്നാണ്. ഈ നയം നടപ്പാക്കാൻ സുപ്രിംകോടതിവിധി മറികടക്കാൻ സമഗ്രമായ ഒരു കേന്ദ്രനിയമം കൊണ്ടുവരാൻ ഗവർമെണ്ട് തയാറാകണം. കേന്ദ്രഗവർമെണ്ടിന്റെ കരടുനിയമത്തിൽ സംസ്ഥാനത്തെ സാഹചര്യം കണക്കിലെടുത്തുകൊണ്ടുള്ള ഭേദഗതികൾ വരുത്തി സമർപ്പിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് എസ് എഫ് ഐ ആവശ്യപ്പെട്ടു.

# സ്വാശ്രയ വിധി: പാർലമെൻറിൽ കടുത്ത പ്രതിഷേധം

സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനവും ഫീസ് നിർണയവും സംബന്ധിച്ച സുപ്രീം കോടതി വിധിക്കെതിരെ പാർലമെൻറിന്റെ ഇരുസഭകളിലും കക്ഷിരാഷ്ട്രീയ ഭേദമന്യേ പ്രതിഷേധമുയർന്നു. വിധി ദാരിദ്ര - പിന്നോക്ക വിദ്യാർത്ഥികളുടെ താൽപര്യങ്ങൾക്ക് എതിരാണെന്നും പൂർണമായ വിദ്യാഭ്യാസ കച്ചവടത്തിന് വഴിയൊരുക്കുമെന്നും രാജ്യസഭയിൽ എല്ലാ കക്ഷിനേതാക്കളും പറഞ്ഞു.

ഉത്തരവ് മറികടക്കാൻ കേന്ദ്രം എത്രയും വേഗം നിയമം കൊണ്ടുവരണമെന്ന് അംഗങ്ങൾ ഒററക്കെട്ടായി ആവശ്യപ്പെട്ടു. കോടതി വിധി പഠിച്ചുവരികയാണെന്നും അതിനുശേഷം ഉടൻ നടപടി സ്വീകരിക്കുമെന്നും പാർലമെണ്ടറി കാര്യ സഹമന്ത്രി സുരേഷ് പച്ചോരി ഉറപ്പുനൽകി.

സുപ്രീംകോടതി വിധി ലോക്സഭയിലും ചർച്ചാവിഷയമായി.

# പുതിയ വിധി കച്ചവടക്കാർക്ക് അഴിഞ്ഞാടാനുള്ള അവസരം

### എ.കെ.പി.സി.ടി.എ

സ്വാശ്രയപ്രൊഫഷണൽ കോളജുകളിലെ പ്രവേശനവും ഫീസും സംബന്ധിച്ച് സുപ്രിം കോടതി വിധി നിർഭാഗ്യകരമാണെന്ന് എ കെ പി സി ടി എ അഭിപ്രായപ്പെട്ടു. പുതിയ വിധി സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് കച്ചവടക്കാർക്ക് അഴിഞ്ഞാടാനുള്ള അവസരമാണ് നൽകിയിരിക്കുന്നത്. പാർലമെണ്ടിൽ സമഗ്രമായ നിയമനിർമാണം നടത്തിക്കൊണ്ട് മൂലവിധിയിലെ അപാകതകൾ പരിഹരിക്കുകയാണ് പ്രതിസന്ധി പരിഹരിക്കാനുള്ള ഏക പോംവഴി. പരിഷ്കരിച്ച കരട് ബിൽ അടുത്ത പാർലമെണ്ട് സമ്മേളനത്തിൽ അവതരിപ്പിച്ച് പാസാക്കണമെന്ന് എ കെ പി സി ടി എ പ്രസിഡണ്ട് പ്രൊഫ. തോമസ് ജോസഫും ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻ നായരും ആവശ്യപ്പെട്ടു.

# സുപ്രിംകോടതി വിധിയിൽ പരക്കെ പ്രതിഷേധം; കേന്ദ്രനിയമം അനിവാര്യമെന്ന് സംഘടനകൾ

സ്വാശ്രയ പ്രൊഫഷണൽ കോളജുകളിലെ പ്രവേശനവും ഫീസും സംബന്ധിച്ച് സുപ്രിം കോടതി വിധിക്കെതിരെ പരക്കെ പ്രതിഷേധം. ഈ വിധി മറികടക്കാൻ കേന്ദ്രനിയമം കൊണ്ടുവരണമെന്ന് സംഘടനകൾ ആവശ്യപ്പെട്ടു.

**സി.പി.ഐ**

സ്വാശ്രയ കോളജുകളിൽ പ്രവേശനത്തിന് ഫീസ് ഘടനയും പ്രവേശനത്തിന്റെ മാനദണ്ഡവും നിശ്ചയിക്കാൻ കേന്ദ്രസർക്കാർ അടിയന്തിരമായി നിയമം കൊണ്ടുവരണമെന്ന് സി പി ഐ സംസ്ഥാന സെക്രട്ടറി വെളിയം ഭാർഗവൻ ആവശ്യപ്പെട്ടു.

ഫീസ് ഘടനയും വിദ്യാർഥി പ്രവേശനത്തിന്റെ മാനദണ്ഡവും നിശ്ചയിക്കാനുള്ള സമ്പൂർണ അധികാരം മാനേജ്മെന്റുകൾക്കാണെന്ന സുപ്രീംകോടതി വിധി ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുരുതരമായ പ്രതിസന്ധി സൃഷ്ടിക്കുമെന്നും അദ്ദേഹം പറഞ്ഞു.

**എ.കെ.ജി.സി.ടി**

സ്വാശ്രയ കോളജുകളിൽ പ്രവേശനത്തിന് സർക്കാർ ക്വാട്ട പാടില്ലെന്ന് സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ വിധി നിരാശാജനകമാണെന്ന് എ. കെ. ജി. സി. ടി ജനറൽ സെക്രട്ടറി ഡോ. ജെ. പ്രസാദ് പ്രസ്താവിച്ചു.

**എ.ഐ.എസ്.എഫ്**

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർഥി പ്രവേശനം, ഫീസ് ഘടന എന്നിവ സംബന്ധിച്ച സുപ്രീംകോടതി വിധി നിർഭാഗ്യകരമാണെന്ന് എ ഐ എസ് എഫ് സംസ്ഥാന സെക്രട്ടറിയറ്റ് പ്രസ്താവനയിൽ പറഞ്ഞു.

**യുവജനതാദൾ**

സാമൂഹ്യനീതിയുടെ സമ്പൂർണ നിരാകരണമാണ് സുപ്രിംകോടതിയുടെ ഭരണഘടനാബഞ്ചിൽ നിന്ന് ഉണ്ടായിരിക്കുന്ന സ്വാശ്രയ കോളജ് വിധിയെന്ന് യുവജനതാദൾ സംസ്ഥാന ഭാരവാഹി യോഗം അഭിപ്രായപ്പെട്ടു. സംസ്ഥാന പ്രസിഡണ്ട് ഷേക്ക് പി ഹാരിസ് അധ്യക്ഷനായിരുന്നു.

ഈ വിധി പുനഃപരിശോധിപ്പിക്കാൻ സമൂഹത്തിന്റെ എല്ലാ തലങ്ങളിലും നിന്ന് ശക്തമായ സമ്മർദ്ദമുണ്ടാകണമെന്ന് വിവിധ സർവീസ് സംഘടനാ നേതാക്കളായ കല്ലട നെപ്പോളിയൻ (പ്രസിഡണ്ട്, എൻ ജി ഒ ഫ്രണ്ട്), സി. പി. ജോൺ (പ്രസിഡണ്ട്, എൻ ജി ഒ സെന്റർ), ജെ എം. മുസ്തഫ (ജനറൽ സെക്രട്ടറി എൻ ജി ഒ അസോസിയേഷൻ), ഇറവൂർ പ്രസന്നകുമാർ (പ്രസിഡണ്ട്, ഗവർമെണ്ട് എംപ്ലോയീസ് യൂണിയൻ) എന്നിവർ സംയുക്ത പ്രസ്താവനയിൽ അഭ്യർഥിച്ചു.

# സ്വാശ്രയ വിധി: കേരളത്തിന്റെ വാദം ദോഷമായി: കെ.കെ.രാഗേഷ്

നിയമസഭ ഏകകണ്ഠമായി പാസാക്കിയ സ്വാശ്രയ നിയമം സുപ്രീംകോടതിയുടെ പരിഗണനയിൽ കൊണ്ടുവരുന്നതിൽ കേരള സർക്കാർ ഗുരുതരമായ വീഴ്ചവരുത്തി. സർക്കാർ ക്വോട്ടയും സംവരണവും നിർത്തലാക്കിയ കോടതിവിധിക്ക് ഇതും കാരണമായിട്ടുണ്ടെന്ന് കരുതുന്നു. ബില്ലിനു വിരുദ്ധമായ കാര്യങ്ങൾ ബോധിപ്പിച്ച് വിധി സ്വാശ്രയമാനേജ്മെന്റുകൾക്ക് അനുകൂലമാക്കാനും സർക്കാർ വഴിയൊരുക്കി. 120 പേജ് വരുന്ന, ഭരണഘടനാ ബെഞ്ചിന്റെ വിധി ന്യായം സംസ്ഥാന സർക്കാരും സ്വാശ്രയ മാനേജ്മെന്റുകളും നടത്തിയ ഒത്തുകളി വെളിവാക്കുന്നതാണ്.

സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിങ് - മെഡിക്കൽ കോളജുകളിൽ 75 ശതമാനം സീറ്റ് മാനേജ്മെന്റുകൾക്കും 25 ശതമാനം സീറ്റ് പൊതുപ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലും നൽകുന്നു എന്നാണ് കേരളത്തിന്റെ അഭിഭാഷകൻ ബോധിപ്പിച്ചത്. കോടതിയെ തെറ്റിദ്ധരിപ്പിച്ച് വിധിന്യായം മാനേജ്മെന്റുകൾക്ക് അനുകൂലമാക്കുക എന്ന ഗൂഢതന്ത്രമാണ് ഇതിലൂടെ വെളിവാകുന്നതെന്ന് എസ് എഫ് ഐ അഖിലേന്ത്യാ പ്രസിഡണ്ട് കെ കെ രാഗേഷ് ആരോപിച്ചു.

# സ്വാശ്രയ കേസ് വിധി : ബഹുജന പ്രക്ഷോഭം ഉയരണം – കെ എസ് ടി എ

വിദ്യാഭ്യാസ കച്ചവടക്കാർക്ക് സർവതന്ത്ര സ്വാതന്ത്ര്യം അനുവദിക്കുന്ന സുപ്രീംകോടതി വിധി നിരാശാജനകവും ജുഡിഷ്യറിയിൽ ജനങ്ങൾക്കുള്ള വിശ്വാസവും പ്രതീക്ഷയും തകർക്കുന്നതുമാണെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി അഭിപ്രായപ്പെട്ടു. ഒരു പതിററാണ്ടിന് മുമ്പ് പൗരന്റെ വിദ്യാഭ്യാസത്തിനുള്ള അവകാശവും അത് സംരക്ഷിക്കാനുള്ള സർക്കാരിന്റെ ബാധ്യതയും ഉയർത്തിപ്പിടിച്ച ഇതേ നീതിപീഠം ഇപ്പോൾ അത് പാടേ വിസ്മരിച്ച് സ്വകാര്യ മാനേജ്മെന്റുകളുടെ അവകാശങ്ങളെക്കുറിച്ചു മാത്രം ചിന്തിക്കുന്നത് വിസ്മയകരമായിരിക്കുന്നു. പ്രവേശനത്തിന് മെറിററ് പരിഗണിക്കണമെന്നും തലവരിപാടില്ലെന്നും പറയുന്ന കോടതി സർക്കാർ മേൽനോട്ടത്തിൽ സുതാര്യമായി നടത്തുന്ന പൊതുപ്രവേശന പരീക്ഷയിൽ നിന്നുള്ള പ്രവേശനം തടയുകയും മാനേജ്മെന്റുകൾക്ക് അഴിമതി നടത്താൻ സ്വകാര്യ പരീക്ഷ അനുവദിക്കുകയും ചെയ്യുന്നത് തികഞ്ഞ വൈരുധ്യമാണ്. ദുർബല വിഭാഗങ്ങൾക്കുള്ള സംവരണം പോലും നിഷേധിക്കുമ്പോൾ സമ്പന്ന എൻ ആർ ഐ കൾക്ക് സംവരണം അനുവദിക്കുന്നതിലെ നീതിബോധവും മനസ്സിലാക്കാൻ വിഷമമാണ്. ന്യൂനപക്ഷ മാനേജ്മെന്റുകൾക്ക് പ്രത്യേക അവകാശങ്ങളോടൊപ്പം അന്യസമുദായക്കാർക്ക് സീ

റുകൾ വിൽക്കാനുള്ള സ്വാതന്ത്ര്യവും നൽകിയിരിക്കുന്നു. സമ്പന്ന വർഗത്തിന്റെ താൽപര്യം മാത്രം സംരക്ഷിക്കുന്ന ഉദാരവൽക്കരണ - സ്വകാര്യവൽക്കരണ നയങ്ങളുടെ സ്വാധീനം ജുഡിഷ്യറിയെയും പിടികൂടിയിരിക്കുന്നുവെന്നതിന്റെ തെളിവാണ് ഈ വിധി.

## ഈ രോഷപ്രകടനം ആശാസ്യമല്ല: കൃഷ്ണയ്യർ

സുപ്രിംകോടതി ക്ഷമയോടെ പ്രതികരിക്കേണ്ട സ്ഥാപനമാണെന്നിരിക്കെ ഇപ്പോഴുണ്ടായ രോഷപ്രകടനം ആശാസ്യമല്ലെന്ന് പ്രമുഖ നിയമജ്ഞൻ വി ആർ കൃഷ്ണയ്യർ പറഞ്ഞു. സ്വാശ്രയ നിയമവുമായി ബന്ധപ്പെട്ട സുപ്രിംകോടതി പരാമർശത്തോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

സുപ്രിംകോടതിയുടെ വിവേകം നിയമനിർമാണ-നിർവഹണ സംവിധാനങ്ങളാൽ പ്രകോപിതമാകരുത്. കോടതി തെററായ വഴിയിൽ പോവുകയാണെങ്കിൽ ശരിയിലേയ്ക്കു നയിക്കാൻ അതിനു തന്നെ ശക്തിയുണ്ട്. അതുപോലെ നിയമനിർമാണ - നിർവഹണ സംവിധാനങ്ങൾ അധികാരപരിധി കടന്നാലും ഗുരുതരമായ തെററുകൾ വരുത്തിയാലും അവസാനവാക്ക് സുപ്രിംകോടതിയുടെതു തന്നെയാണ്.

എന്നാൽ അപ്രമാദിത്വം മതവിഡ്ഢിത്തത്തിന്റെയും സ്വേചഛാധികാരലഹരിയുടേതുമാണ്. ഒരിക്കലും തെററുപററില്ലെന്ന ധാരണയിൽ നിന്ന് മുക്തരാണ് നമ്മുടെ മഹാന്മാരായ ജഡ്ജിമാരെന്നും കൃഷ്ണയ്യർ കൂട്ടിച്ചേർത്തു.

## സ്വാശ്രയകോളജ് വിധി കേരളത്തെ കലാപ ഭൂമിയാക്കും: സുധീരൻ

സ്വകാര്യ മാനേജുമെന്റുകൾക്ക് അഴിഞ്ഞാടാൻ സ്വാതന്ത്ര്യം നൽകിയ സുപ്രിംകോടതി വിധിയെ കേരളം ഒററക്കെട്ടായി എതിർക്കണമെന്ന് കോൺഗ്രസ് നേതാവ് വി എം സുധീരൻ പറഞ്ഞു. സായുധ കലാപത്തിലേക്കു വരെ ജനങ്ങളെ പ്രേരിപ്പിക്കുന്ന തരത്തിലായിരിക്കുന്നു കോടതിവിധികൾ. സ്വാശ്രയ കോളജ് കേസിൽ കേരളത്തിന്റെ സാമൂഹ്യ യാഥാർഥ്യം കോടതിയെ ബോധ്യപ്പെടുത്താൻ സർക്കാരിനു കഴിഞ്ഞിട്ടില്ലെന്നും സുധീരൻ കുററപ്പെടുത്തി.

# ഇത് സർക്കാർ ആഗ്രഹിച്ച വിധി

കേരളത്തിൽ പ്രൊഫഷണൽ വിദ്യാഭ്യാസരംഗം കച്ചവടമാക്കിയ യു ഡി എഫ് സർക്കാരിന് സുപ്രിംകോടതി വിധിയിൽ സന്തോഷിക്കുകയോ ആശ്വസിക്കുകയോ ആവാം. അമ്പതുശതമാനം സർക്കാർ ക്വാട്ട, അമ്പതു ശതമാനം മാനേജ്മെന്റ് ക്വാട്ട എന്നു പറഞ്ഞാണ് '96-ൽ ആന്റണി സർക്കാർ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖല സ്വകാര്യസംരംഭകർക്കു തുറന്നുകൊടുത്തത്. അമ്പതുശതമാനം സർക്കാർ ക്വാട്ടയിൽ സർക്കാർ കോളജുകൾക്കു തുല്യമായ ഫീസ് എന്നത് കോടതി നേരത്തെ തന്നെ തള്ളി. ഇപ്പോൾ സർക്കാർ ക്വാട്ടയും ഇല്ലാതായി.

നൂറു ശതമാനം സീററും കിട്ടുന്ന വിലയ്ക്കു വിൽക്കാൻ മാനേജ്മെന്റുകൾക്ക് ഇപ്പോൾ അവസരം കൈവന്നിരിക്കയാണ്. അതിന്റെ പ്രതിഫലനം ഈ വർഷം ഉണ്ടാകില്ലെന്ന് ഉറപ്പിക്കാൻ വയ്യ. സുപ്രീം കോടതി വിധിപ്രകാരം രൂപീകൃതമായ ജസ്ററിസ് കെ ടി തോമസ് കമ്മിററി നിർദേശിച്ച ഫീസേ സ്വാശ്രയ സ്ഥാപനങ്ങളിൽ വാങ്ങാവൂ. എന്നാൽ ബി എസ്സി നഴ്സിങ് ഉൾപ്പെടെ പല സ്വാശ്രയ കോഴ്സുകൾക്കും കമ്മിററി നിർദേശിച്ചതിന്റെ രണ്ടും മൂന്നും ഇരട്ടിയാണ് വാങ്ങുന്നത്. വിധി വന്ന സാഹചര്യത്തിൽ ഈ പ്രവണതയ്ക്ക് ശക്തി കൂടും.

കോളജ് തുടങ്ങാൻ അനുമതി കൊടുക്കുന്ന സർക്കാരിന് പ്രവേശനം, ഫീസ് എന്നീ കാര്യങ്ങളിൽ ഇനി ഒരു നിയന്ത്രണവുമുണ്ടാകില്ല.

സുപ്രീം കോടതിയുടെ അഞ്ചംഗ ബഞ്ചിന്റെ വിധിമൂലം പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തുണ്ടായ പ്രശ്നങ്ങൾ നേരിടാൻ കൊണ്ടുവന്ന കേരള സ്വാശ്രയ പ്രൊഫഷണൽ കോളജ് നിയമം മാനേജ്മെന്റുകൾ കോടതിയിൽ ചോദ്യം ചെയ്യുമെന്ന് ആദ്യമേ വ്യക്തമായിരുന്നു. അതുകൊണ്ടാണ് നിയമം ഭരണഘടനയുടെ ഒമ്പതാം പട്ടികയിൽ പെടുത്തി സംരക്ഷിക്കണമെന്ന് പ്രതിപക്ഷ പാർടികളും വിദ്യാർഥി സംഘടനകളും ആവശ്യപ്പെട്ടത്. അതു സർക്കാർ ചെയ്തില്ല. അധികം വൈകാതെ സർക്കാർ ക്വാട്ടയിൽ സർക്കാർ ഫീസ് എന്ന വ്യവസ്ഥ കോടതി സസ്പെൻഡ് ചെയ്തു.

# സ്വാശ്രയ സ്ഥാപനങ്ങൾ അമിത ഫീസ് ഈടാക്കരുത്: കെ. സി. ബി. സി.

സഭയുടെ കീഴിലുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അമിതമായ ഫീസ് ഈടാക്കരുതെന്ന് കേരള കാത്തലിക് ബിഷപ്സ് കൗൺസിലിൽ സമർപ്പിക്കപ്പെട്ട മാർഗനിർദേശക രേഖയിൽ നിർദേശം.

വേതനം നൽകാനും സ്ഥാപനങ്ങളുടെ നടത്തിപ്പിനും വികസന പ്രവർത്തനങ്ങൾക്കുമാവശ്യമായ ഫീസ് സ്വാശ്രയ സ്ഥാപനങ്ങൾക്ക് ഈടാക്കാമെന്നും കെ. സി. ബി. സി. വിദ്യാഭ്യാസ കമ്മിഷൻ ചെയർമാൻ മാർ ജോസഫ് പൗവത്തിൽ അവതരിപ്പിച്ച രേഖ വ്യക്തമാക്കുന്നു.

സ്വാശ്രയ സ്ഥാപനങ്ങൾ കാപ്പിറേഷൻ ഫീസ് വാങ്ങരുതെന്നാണ് മററൊരു സുപ്രധാന നിർദേശം. വികസന പ്രവർത്തനങ്ങൾക്കായി അധ്യാപക രക്ഷകർതൃ സംഘടനകൾ ന്യായമായ തുകയേ കൈപ്പററാൻ പാടുള്ളൂ. നിർധനരായ വിദ്യാർഥികൾക്ക് ഫീസ് സൗജന്യവും അർഹരായവർക്ക് സ്കോളർഷിപ്പും നൽകണം.

ന്യൂനപക്ഷ സമൂഹത്തിനു ഭരണഘടന അനുശാസിച്ചിട്ടുള്ള ആനുകൂല്യങ്ങൾ അധ്യാപക, അനധ്യാപക നിയമനത്തിൽ പ്രയോജനപ്പെടുത്തണം. അർഹരായവരെ നിയമിക്കുന്നതിന് പണം ഒരിക്കലും തടസ്സമാവരുത്. ദളിതർക്കും സാമൂഹികമായി പിന്നോക്കം നിൽക്കുന്നവർക്കും ആവശ്യമായ മുൻഗണന നൽകണമെന്നും നിയമന നടപടികൾ സുതാര്യമായിരിക്കണമെന്നും രേഖ നിർദേശിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിന് സംഭാവനകൾ മാനദണ്ഡമാവരുതെന്നാണ് മററൊരു നിർദേശം.

# വിധി അപ്രതീക്ഷിതം: വയലാർ രവി

മാനേജ്മെന്റുകൾ പോലും പ്രതീക്ഷിക്കാത്ത വിധിയാണ് സ്വാശ്രയ കോളജ് പ്രവേശനം സംബന്ധിച്ച് സുപ്രീംകോടതിയിൽ നിന്നുണ്ടായതെന്ന് വയലാർ രവി എം. പി. അഭിപ്രായപ്പെട്ടു. കോടതികൾ സമൂഹത്തിന്റെ ഭാഗമാണ്. അതുകൊണ്ടു തന്നെ ഭരണഘടന അനുശാസിക്കുന്ന തരത്തിൽ സാമൂഹിക പ്രതിബദ്ധതയുള്ള നടപടികളാണ് കോടതിയിൽ നിന്നു പ്രതീക്ഷിക്കുന്നത്. ഇന്ത്യൻ ജനാധിപത്യത്തിൽ മുന്നണി സംവിധാനത്തിനു പ്രാമുഖ്യമേറിയ സാഹചര്യത്തിൽ കോടതിയുടെ സമീപനത്തോട് യോജിപ്പില്ല. കോടതിയുടെ പ്രാധാന്യം ഉൾക്കൊണ്ട് നിയമനിർമാണ സഭകളും എക്സിക്യൂട്ടീവും കോടതികളോട് ആദരവ് പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോഴത്തെ വിധിയുടെ പശ്ചാത്തലത്തിൽ 'ജുഡീഷ്യൽ ടെററിസം' എന്ന റിട്ട. ജസ്ററിസ് വി. ആർ. കൃഷ്ണയ്യരുടെ വാക്കുകളാണ് ഓർമ വരുന്നത്. സ്വാശ്രയ കോളജ് സംബന്ധിച്ച് പാസാക്കാനുദ്ദേശിക്കുന്ന നിയമം ഭരണഘടനയുടെ ഒൻപതാം പട്ടികയിൽ പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

# വിദ്യാഭ്യാസ മേഖലയ്ക്ക് ആഘാതം : ചെന്നിത്തല

സുപ്രീംകോടതി വിധി കേരളത്തിലെ വിദ്യാഭ്യാസ മേഖലയ്ക്ക് കനത്ത ആഘാതമാണെന്ന് കെ പി സി സി പ്രസിഡണ്ട് രമേശ് ചെന്നിത്തല പറഞ്ഞു.

വിദ്യാഭ്യാസമേഖലയെ സ്വകാര്യ മാനേജ്മെന്റുകൾക്ക് തീറെഴുതിക്കൊടുക്കാൻ ഇത് ഇടവരുത്തും. പാവപ്പെട്ടവർക്ക് ഉന്നതവിദ്യാഭ്യാസം നിഷേധിക്കുന്നതിനും കാരണമാകും. സുപ്രീംകോടതി വിധിമൂലം വിദ്യാഭ്യാസ മേഖലയ്ക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ സമഗ്ര നിയമ നിർമ്മാണത്തിന് എ ഐ സി സിയിൽ സമ്മർദ്ദം ചെലുത്തണമെന്നും ചെന്നിത്തല പറഞ്ഞു.

# വിദ്യാഭ്യാസത്തിന്റെ കച്ചവടവൽക്കരണത്തിന് സഹായിക്കും

## കേരള വിദ്യാഭ്യാസ സമിതി

സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എല്ലാ സീററുകളും മാനേജ്മെന്റിന് അവകാശപ്പെട്ടതാണെന്നുള്ള സുപ്രീംകോടതിയുടെ വിധിന്യായം പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ കച്ചവടവൽക്കരണത്തിനുമാത്രമേ സഹായകരമാവുകയുള്ളൂവെന്ന് കേരള വിദ്യാഭ്യാസ സമിതി ചെയർമാൻ പ്രൊഫ. നൈനാൻകോശിയും കൺവീനർ എ. കെ. ചന്ദ്രനും പറഞ്ഞു. ആഗസ്ത് 12 ലെ വിധിന്യായം ടി എം എ പൈ കേസിലെ സുപ്രധാനമായ തീരുമാനത്തിന് വിരുദ്ധമാണ്. 2002 ഒക്ടോബറിലെ വിധിന്യായത്തിൽ പറയുന്നത്, 'മാനേജ്മെന്റിന് പ്രവേശനത്തിൽ ന്യായമായ അവകാശം നൽകുന്നതോടൊപ്പം സ്വകാര്യ അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ മെരിററ് അടിസ്ഥാനത്തിൽ പ്രവേശനത്തിന് വ്യവസ്ഥ ചെയ്യാൻ അവയ്ക്ക് അംഗീകാരം നൽകുമ്പോൾ സർവകലാശാലയ്ക്കോ സർക്കാരിനോ അധികാരമുണ്ട്' എന്നാണ്.

## പീപ്പിൾസ് ഡോക്ടേഴ്സ് ഫോറം

സുപ്രിംകോടതി വിധി ദൗർഭാഗ്യകരമാണെന്ന് പീപ്പിൾസ് ഡോക്ടേഴ്സ് ഫോറം പ്രസ്താവനയിൽ പറഞ്ഞു.

## കേരള ഗവർമെണ്ട് എംപ്ലോയീസ് യൂണിയൻ

സുപ്രിംകോടതി വിധി സാമൂഹ്യയാഥാർഥ്യങ്ങൾ ഉൾക്കൊള്ളാത്തതാണെന്ന് കേരള ഗവർമെണ്ട് എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി ശൂരനാട് ചന്ദ്രശേഖരൻ പ്രസ്താവനയിൽ പറഞ്ഞു.

## എൻ. എസ്. സി

വിധി ജനാധിപത്യവിരുദ്ധവും ഭരണഘടനാവിരുദ്ധവുമാണെന്ന് എൻ എസ് സി സംസ്ഥാന പ്രസിഡണ്ട് മുജീബ്റഹ്മാൻ പറഞ്ഞു.

## കേരള ശാസ്ത്രസാഹിത്യപരിഷത്ത്

സ്വകാര്യ സ്വാശ്രയ കോളജുകൾക്ക് സകലവിധ സ്വാതന്ത്ര്യവും അനുവദിച്ചുള്ള സുപ്രിംകോടതിവിധിയിൽ കേരള ശാസ്ത്രസാഹിത്യപരിഷത്ത് പ്രസിഡണ്ട് ഡോ. കെ. എൻ. ഗണേഷും ജനറൽ സെക്രട്ടറി വി ജി ഗോപിനാഥനും പ്രതിഷേധിച്ചു.

സാമൂഹ്യനീതിയും തുല്യതയും പുലരണമെന്ന് ആഗ്രഹിക്കുന്ന എല്ലാവരും തന്നെ ഇതിനാവശ്യമായ സാമൂഹ്യരാഷ്ട്രീയ സമ്മർദ്ദങ്ങൾ രൂപപ്പെടുത്താൻ ഒരുമിച്ചുനിന്ന് പോരാടണമെന്നും അവർ അഭ്യർഥിച്ചു.

## കെ. ജി. ഒ. എ

സുപ്രിംകോടതിവിധി ജനവിരുദ്ധവും പ്രൊഫഷണൽ കോളജ് മേഖലയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതുമാണെന്ന് കേരള ഗസററഡ് ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറിയററ് അഭിപ്രായപ്പെട്ടു.

## കോൺഗ്രസ്സ് (എസ്)

സ്വാശ്രയ കോളജ് സംബന്ധിച്ച് സുപ്രിംകോടതിവിധി കേരളത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതം സൃഷ്ടിക്കുമെന്ന് കോൺഗ്രസ് (എസ്) സംസ്ഥാന പ്രസിഡൻറ് രാമചന്ദ്രൻ കടന്നപ്പള്ളി പ്രസ്താവനയിൽ പറഞ്ഞു. ഭരണഘടനയുടെ ഒമ്പതാം ഷെഡ്യൂളിൽപ്പെടുത്താനുള്ള നിയമം പാസാക്കുന്നതിൽ പ്രതിപക്ഷം സഹകരിച്ചില്ല എന്ന മന്ത്രി മാണിയുടെ പ്രസ്താവന സത്യവിരുദ്ധമാണ്. സുപ്രിംകോടതി വിധി മറികടക്കാൻ കേന്ദ്ര സർക്കാർ നിയമം കൊണ്ടുവരണം. ഇതിനായി കേന്ദ്രത്തിൽ കേരള സർക്കാർ സമ്മർദ്ദം ചെലുത്തണം - കടന്നപ്പള്ളി ആവശ്യപ്പെട്ടു.

# എ.കെ.പി.സി.ടി.എ. പ്രവർത്തക ക്യാമ്പ്

റിപ്പോർട്ട്

## എം. ജി. സർവകലാശാല മേഖല 2005 ജൂലായ് 23,24



പതാക ഉയർത്തൽ



പ്രൊഫ. തോമസ് ജോസഫ് ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നു.

എ. കെ. പി. സി. ടി. എ എം.ജി സർവ്വകലാശാല മേഖല പ്രവർത്തക ക്യാമ്പ് ജൂലൈ 23, 24 തീയതികളിൽ കുട്ടിക്കാനം തേജസ് അനിമേഷൻ സെന്ററിൽ വച്ച് നടന്നു. ഒന്നാം ദിവസം ക്യാമ്പ് പ്രസിഡന്റ് പ്രൊഫ.തോമസ് ജോസഫ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡൻറ് പ്രൊഫ. എം. പി. വിജയലക്ഷ്മി അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് സംഘടന, ചരിത്രം എന്ന വിഷയത്തെ ആസ്പദമാക്കി മുൻ ജനറൽ സെക്രട്ടറി പ്രൊഫ. വി. എൻ. മുരളിയും സർവ്വകലാശാല നിയമങ്ങൾ സംബന്ധിച്ച് മുൻ സിൻഡിക്കേററ് അംഗം പ്രൊഫ. കെ. സദാശിവൻ നായരും ക്ലാസ്സുകൾ നയിച്ചു. സംഘടനാ പ്രവർത്തന രേഖ ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപ ചന്ദ്രൻ നായർ, അക്കാദമിക് രേഖ അക്കാദമിക് കമ്മിററി കൺവീനർ ഡോ. രാജൻ വർഗീസ്, സർവ്വീസ് വിഷയങ്ങൾ സർവ്വീസ് സെൽ അംഗം പ്രൊഫ. ടോമിച്ചൻ ജോസഫ്, ജേർണൽ വിഷയങ്ങൾ ചീഫ് എഡിററർ ഡോ. എസ്. ജയരാജ്കുമാർ, വനിതാ പ്രവർത്തന രേഖ പ്രൊഫ. എം. പി. വിജയലക്ഷ്മി എന്നിവർ അവതരിപ്പിച്ചു.



പ്രൊഫ. കെ. സദാശിവൻനായർ



പ്രൊഫ. വി. എൻ. മുരളി



രണ്ടാം ദിവസം നടന്ന ചർച്ചയിൽ പ്രൊഫ. കെ. കൃഷ്ണദാസ് (എസ്. എസ്. കോളേജ് കാലടി) പ്രൊഫ. കെ. ആർ. നാരായണൻ ( എൻ. എസ്. എസ്, കോളേജ്, ചങ്ങനാശ്ശേരി), ഡോ. പി. ജെ. ജോർജ് (സെന്റ്, ഡൊമിനിക് കോളജ്, കാഞ്ഞിരപ്പിള്ളി) പ്രൊഫ. ആന്റണി ജോസഫ് (കെ. ഇ. കോളജ് മാന്നാനം), പ്രൊഫ. ഷാജി (സെന്റ്, തോമസ് കോളജ്, പാല), പ്രൊഫ. ജെയിംസ് മണിമല (എസ്. ബി. കോളേജ്, ചങ്ങനാശ്ശേരി), പ്രൊഫ. ബി. ഹരിലാൽ (ഡി. ബി. കോളേജ്, പമ്പ) പ്രൊഫ. കെ. ഇ. എബ്രഹാം ( എസ്. ബി. കോളേജ്, ചങ്ങനാശ്ശേരി), പ്രൊഫ. എൻ. രാമചന്ദ്രൻ (സെന്റ് ആൽബർട്ട്സ് കോളേജ്, എറണാകുളം), പ്രൊഫ. ബി. പത്മനാഭൻ (ഡി. ബി. കോളജ്, തലയോലപ്പറമ്പ്) തുടങ്ങിയവർ പങ്കെടുത്തു.

സംസ്ഥാന സെക്രട്ടറി വി.സി. ആന്റണി സ്വാഗതവും ജില്ലാ സെക്രട്ടറി ഡോ. കെ. പി. സുകുമാരൻ നായർ നന്ദിയും രേഖപ്പെടുത്തി. പത്തനംതിട്ട ജില്ലാ സെക്രട്ടറി പ്രൊഫ. പി. രാജശേഖരൻ പിള്ള, എറണാകുളം ജില്ലാസെക്രട്ടറി പ്രൊഫ. ഡി. സലിംകുമാർ, പ്രവർത്തക സമിതി അംഗം പ്രൊഫ. ജെയിംസ് ഫിലിപ്പ് സംസ്ഥാന കമ്മിററി അംഗം പ്രൊഫ. കെ. രാധാകൃഷ്ണൻ നായർ എന്നിവർ ക്യാമ്പിന് നേതൃത്വം നല്കി.

കോട്ടയം, എറണാകുളം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ നിന്നുമുള്ള 70 അദ്ധ്യാപകർ ക്യാമ്പിൽ പങ്കെടുത്തു.

## കോഴിക്കോട് സർവകലാശാല മേഖല 2005 ജൂലായ് 30,31



സ. വി. വി. ദക്ഷിണാമൂർത്തി ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നു.

എ.കെ.പി.സി.ടി.എ കോഴിക്കോട് യൂണിവേഴ്സിററി മേഖലാ പ്രവർത്തക ക്യാമ്പ് ജൂലായ് 30, 31 തീയതികളിൽ സുൽത്താൻ ബത്തേരി ഡയററിൽ വച്ച് നടന്നു. സ. വി. വി ദക്ഷിണാമൂർത്തി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡണ്ട് പ്രൊഫ. തോമസ് ജോസഫ് അധ്യക്ഷനായിരുന്നു. സി. പി. ഐ. (എം) വയനാട് ജില്ലാ സെക്രട്ടറി സ. പി. എ മുഹമ്മദ്, കെ. എസ്. ടി. എ സംസ്ഥാന കമ്മിററി അംഗം കെ.ഐ. മത്തായി എൻ. ജി. ഒ യൂണിയൻ ജില്ലാ സെക്രട്ടറി ശ്രീ. രാജപ്പൻ, എ.കെ.പി.സി.ടി.എ സംസ്ഥാന സെക്രട്ടറി തുടങ്ങിയവർ സംസാരിച്ചു. സ്വാഗതസംഘം ചെയർമാൻ സ. സി. ഭാസ്കരൻ സ്വാഗതവും സംസ്ഥാന സെക്രട്ടറി ഡോ. കെ. ബാലചന്ദ്രൻ നന്ദിയും പറഞ്ഞു. തുടർന്ന് സംഘടനാ പ്രവർത്തന രേഖ ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ, അക്കാദമിക് രേഖ അക്കാദമിക് കമ്മിററി കൺവീനർ ഡോ. രാജൻ വർഗീസ്, സർവ്വീസ് വിഷയങ്ങൾ സർവ്വീസ് സെൽ കൺവീനർ പ്രൊഫ. കെ. എസ്. ജയചന്ദ്രൻ ജേർണൽ വിഷയങ്ങൾ ചീഫ് എഡിററർ ഡോ. എസ്. ജയരാജ്കുമാറും അവതരിപ്പിച്ചു. രണ്ടാം ദിവസം സംഘടനാ ചരിത്രത്തെപ്പററി മുൻ സംസ്ഥാന പ്രസിഡൻറ് പ്രൊഫ. വി. നാരായണൻകുട്ടി സംസാരിച്ചു.



## കേരള സർവകലാശാല മേഖല 2005 ആഗസ്ററ് 13, 14

എ കെ പി സി ററി എ കേരള സർവ്വകലാശാല മേഖലാ പ്രവർത്തക ക്യാമ്പ് ആഗസ്ത് 13ന് സി ഐ ടിയു സംസ്ഥാന സെക്രട്ടറി എൻ. പത്മലോചനൻ ഉദ്ഘാടനം ചെയ്തു. കൊട്ടിയം ക്രിസ്തുജ്യോതിസ് ആനിമേഷൻ സെന്ററിലായിരുന്നു ആഗസ്ററ് 13, 14 തീയതികളിൽ സംഘടിപ്പിക്കപ്പെട്ട പ്രവർത്തക ക്യാമ്പ്. എ കെ പി സി ററി എ കേരള സർവ്വകലാശാല മേഖലാ സെക്രട്ടറി പ്രൊഫ. കെ. വിജയധരൻ ഉത്ഘാടന സമ്മേളനത്തിൽ സ്വാഗതം ആശംസിച്ചു. സംസ്ഥാന പ്രസിഡന്റ് തോമസ് ജോസഫ് അദ്ധ്യക്ഷനായിരുന്നു.



പതാക ഉയർത്തൽ

### എൻ. പത്മലോചനൻ

മാക്സിം ഗോർക്കിയുടെ "വിദ്യാഭ്യാസം എന്നാൽ അറിയുക" എന്ന ആശയമാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന നിങ്ങളുടെ സമക്ഷം നിൽക്കുമ്പോൾ എന്റെ മനസ്സിലേക്ക് ഓടിയെത്തുന്നത്. അറിവ് നേടിയിട്ട് വേണം ആശാസ്യമായ വിധത്തിൽ ലോകത്തെ മാററിമറിക്കേണ്ടത്. " ഇന്ത്യൻ വിദ്യാഭ്യാസത്തെ വഷളാക്കുന്നത് മദ്ധ്യവർഗ്ഗത്തിൽപ്പെട്ട രക്ഷിതാക്കളാണ്" എന്ന യശ്പാലിന്റെ സന്ദേശത്തിലെ ശരിയും എന്റെ ഓർമ്മയിലെത്തുന്നു. മക്കളെ ഒന്നുകിൽ എഞ്ചിനിയർ അല്ലെങ്കിൽ ഡോക്ടറാക്കണം, കലാലയ രാഷ്ട്രീയം പാടില്ല എന്നീ തെററായ ധാരണകൾ അവരെ, രക്ഷിതാക്കളിൽ നല്ലൊരു ഭാഗത്തെ, ഭരിക്കുന്നു. ഡോക്ടറും എഞ്ചിനീയറും കലാകാരനും ശില്പിയും ഇതര മേഖല/തൊഴിൽ പ്രവർത്തകരും രാഷ്ട്രസേവനത്തിനും പുനർനിർമ്മാണത്തിനും അത്യന്താപേക്ഷിതമത്രെ. ലോകത്തെ അറിയാനും മനുഷ്യനെ അറിയാനും അവൻ നേരിടുന്ന പ്രശ്നങ്ങൾക്ക് നേരെ ശരിയായ സമീപനം കൈക്കൊള്ളുവാനും വിദ്യാർത്ഥിയെ പ്രാപ്തനാക്കുന്ന കലാലയ രാഷ്ട്രീയമാണ് വേണ്ടത്.

ലോകത്ത് ഇന്ന് ഭീകര പ്രവർത്തനം കൊടുമ്പിരിക്കൊള്ളുന്നതിന്റെ ഭാഗമായി നടക്കുന്ന മനുഷ്യക്കുരുതികളെക്കാൾ മനുഷ്യഹാനി വിതച്ചതായിരുന്നു അയർലണ്ടിലെ പ്രോട്ടസ്ററന്റ് - കാത്തലിക് സംഘർഷങ്ങൾ. അറുപതുകളിൽ ആ മനുഷ്യ കാടത്തം അവിടെ അരങ്ങു തകർക്കുമ്പോഴും വിദ്യാഭ്യാസം അവിടെ സൗജന്യമായിരുന്നു. വിദ്യ ആർജിക്കുന്ന സംഘർഷം നിറഞ്ഞ ആ സമൂഹം അതുകൊണ്ട് തന്നെ ക്രമേണ ശാന്തമായി. കലാപങ്ങൾ കെട്ടടങ്ങി. ഇന്ന് അവിടെ ആരെയും അത്ഭുതപ്പെടുത്തുന്ന ശാന്തിയും പ്രതിശീർഷ വരുമാനവും വളർന്നിരിയ്ക്കുന്നു. 1994 മുതൽ അവിടെ ഹയർ എഡ്യൂക്കേഷനും സൗജന്യമാണ്. അപ്പോൾ വിദ്യാഭ്യാസം കൊണ്ട് ഒരു രാജ്യവും തകർച്ചയിലേക്ക് പോകുന്നില്ല. മറിച്ച് ഉയർച്ചയിലേക്ക് കുതിക്കുന്നതാണ് അവിടെ കാണുന്നത്. ഈ തിളങ്ങുന്ന ഉദാഹരണത്തിന്റെ വെളിച്ചത്തിൽ വേണം നാം നമ്മുടെ നാട്ടിലെ വിദ്യാഭ്യാസത്തിന് സംഭവിക്കുന്ന കെടുതികൾ കാണേണ്ടത്.

വ്യവസ്ഥാപിതമായ നമ്മുടെ പൊതുവിദ്യാഭ്യാസത്തിന്റെ നേർക്ക് സുപ്രീം കോടതിപോലും പരാങ്മുഖത്വം ഭാവിക്കുന്നു. പണമുള്ളവൻ മാത്രം പഠിച്ചാൽ മതി എന്ന് ശഠിക്കുന്ന വിദ്യാഭ്യാസ സ്വകാര്യവൽക്കരണത്തിന്റെ പദ്ധതികൾക്ക് രാജ്യത്തെ പരമോന്നത നീതിപീഠം അനുകൂലമായ വിധി പ്രസ്താവിച്ചിരിക്കയാണ്. ഗവൺമെന്റിന് അതീതമായും നിയമ വ്യവസ്ഥകൾക്ക് മീതെയും സ്വകാര്യവിദ്യാഭ്യാസ മുതലാളിമാർക്കും മേലാളന്മാർക്കും യഥേഷ്ടം പെരുമാറാവുന്ന ചുററുപാടാണ് ഇതുമൂലം ഉണ്ടാകാൻ പോകുന്നത്. സ്കോളർഷിപ്പ് വേണ്ട, പണമുള്ളവൻ പഠിച്ചാൽ മതി എന്ന് വാദിക്കുന്ന സ്വകാര്യവൽക്കരണത്തിന്റെ വക്താവായ ടോണി ബ്ളെയറെപ്പോലുള്ളവരുടെ കുത്സിത സങ്കല്പങ്ങൾ ഇവിടെ പച്ചപിടിക്കാൻ പോകുന്നു. കുത്തഴിഞ്ഞ ഒരു ദുരവസ്ഥയിലേക്ക് കൂപ്പുകുത്തുന്ന നമ്മുടെ വിദ്യാഭ്യാസത്തെ രക്ഷിക്കാൻ നമുക്ക് ബാദ്ധ്യതയുണ്ട്.

ആഗോളവൽക്കരണം പൊതുജീവിതത്തെ എങ്ങനെയൊക്കെ പ്രതികൂലമായി ബാധിക്കും എന്നത് പഠിക്കാതെ, വിദ്യാഭ്യാസത്തെ അത് എങ്ങനെ മാററിമറിക്കും എന്ന് വിലയിരുത്താൻ പ്രയാസമാണ്. മൂലധന സാന്ദ്രീകരണവും കേന്ദ്രീകരണവും അതിന്റെ

ഉച്ചകോടിയിൽ നിൽക്കുകയാണ് ഇന്ന്. ഈ പശ്ചാത്തലത്തിൽ സ്വതന്ത്ര രാഷ്ട്രങ്ങളുടെ മേഖലകളിൽ പട്ടിണി പടർന്നു പിടിക്കുന്നു. കൃഷിമേഖലയിൽ ആഗോളവൽക്കരണമുണ്ടാക്കുന്ന കെടുതിയാണിത്. ഇതിനെ അതിജീവിക്കാൻ രാഷ്ട്രങ്ങൾ കടം വാങ്ങുന്നു. കടത്തോടൊപ്പം ഇരുപത് ശതമാനം വരെ ഗ്രാന്റും ലഭിക്കുന്നു. കടവും ഗ്രാന്റും വാങ്ങി ബുദ്ധിശൂന്യമായി ചില ഭരണാധികാരികൾ ധൂർത്തടിച്ചു കളയുന്നു. ഈ സാമ്പത്തിക ലബ്ധിയുടെ ആദ്യ ദശയിൽ ഒരുപക്ഷെ അനുകൂലമായതും പൊരുത്തപ്പെടാത്തതും ആയ അനുഭവങ്ങൾ ഇത്തരം രാജ്യങ്ങളിൽ ഉണ്ടായി എന്നു വരാം. പക്ഷേ ക്രമേണ എല്ലാം അവതാളത്തിലായിപ്പോകുന്നതാണ്. അനുഭവവും ചരിത്രവും



സ. പദ്മലോചനൻ ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നു.

അമേരിക്ക സാമ്പത്തികമായി സുരക്ഷിതമല്ല. അവരുടെ ഇതര രാഷ്ട്രങ്ങളുടെ മേലുള്ള കോയ്മ രാഷ്ട്രീയ/സായുധ സ്വഭാവങ്ങളിൽ ഉള്ളതാണ്. ഡിഫൻസ് രംഗത്താണ് അവർക്ക് മേൽക്കോയ്മ. ആഭ്യന്തര പ്രശ്നങ്ങളായ തൊഴിലില്ലായ്മ തുടങ്ങിയവ അമേരിക്കയുടെ ഉറക്കം കെടുത്തുന്നു. ജപ്പാനിലും സാമ്പത്തിക മാന്ദ്യമാണ്. യൂറോപ്യൻ യൂണിയന്റെ കാര്യവും മറിച്ചല്ല. അവരുടെ മൂലധന നിക്ഷേപങ്ങളുടെ ഫലമായി മടങ്ങി വരേണ്ട വരുമാനം, പ്രതീക്ഷിക്കുന്നപോലെ അവരുടെ ആഭ്യന്തര കമ്പോളങ്ങളിൽ നിന്ന് വരുന്നില്ല. അവരുടെ എലീററ് കസ്ററമർ ഗാർഹിക സമ്പാദ്യക്കാര്യത്തിൽ പിന്നോക്കം പോയിരിക്കുന്നു.



എന്നാൽ ഇന്ത്യ, ചൈന, റഷ്യ, ഇന്തോനേഷ്യ, വെനിസുല തുടങ്ങിയ മുതലാളിത്തേതര രാഷ്ട്രങ്ങൾ ജി. ഡി. പി നിരക്കിൽ വർദ്ധനയുണ്ടായിരിക്കുന്നു. ചിലിയൻ പ്രസിഡണ്ട് ഇന്ത്യയിൽ വന്നപ്പോൾ അഭിപ്രായപ്പെട്ടത്, കയററുമതിയിൽ അധിഷ്ഠിതമായ കമ്പോളമല്ല ഇന്ത്യയെപ്പോലൊരു വികസ്വര രാഷ്ട്രത്തിന് അഭികാമ്യം എന്നാണ് ആഭ്യന്തര കമ്പോളങ്ങളിൽ അമേരിക്കയേക്കാൾ വിശാല സാദ്ധ്യതകൾ വികസ്വരരാഷ്ട്രങ്ങൾക്കുണ്ട്. നേരെമറിച്ച് അമേരിക്കയിൽ സമരങ്ങളുടെ വേലിയേററമുണ്ട്. ആഗോളവ്യാപകമായി ജോബ് കില്ലിംഗ് (Job killing) നടത്തുന്ന അമേരിക്കയ്ക്ക് തൊഴിൽ നഷ്ടപ്പെടുന്നവരുടെ സമരത്തിന്റെ ശബ്ദത്താൽ ഇന്ന് ഉറക്കമില്ല. ട്രേഡ് യൂണിയനുകൾ വൈരുദ്ധ്യങ്ങൾ മറന്ന് ഒന്നിക്കുന്ന ആശാവഹമായ കാഴ്ച ഇന്ന് ലോകത്തുണ്ട്.

വേൾഡ് സോഷ്യൽ ഫോറം പോലും സാമ്രാജ്യത്വത്തിന് എതിരായ പടയണിയിൽ ചേർന്നിരിക്കുന്നു. ഇങ്ങനെ ലോകത്തുടനീളം നടക്കുന്ന ചലനങ്ങൾ പഠിക്കാൻ താല്പര്യവും സൂക്ഷ്മതയും ഉള്ളവരാണ് കോളജ് അദ്ധ്യാപകർ. ഗവേഷണോന്മുഖമായ അത്തരം പഠനങ്ങൾ ആധികാരികമായ അറിവ് നൽകുന്നവ ആയിരിക്കും എന്നകാര്യത്തിൽ തർക്കമില്ല. ആ അറിവ് നമ്മുടെ നാടിന്റെ വികസനത്തിന് ഉതകും. അല്ലാതെ സ്മാർട്ട് സിററി, സൂപ്പർ ഹൈവേ തുടങ്ങിയ ഓമനപ്പേരുകളല്ല വികസനത്തിന്റെ മാർഗ്ഗങ്ങൾ.

ഉച്ചയ്ക്ക് നടന്ന സംഘടനാ സെഷനിൽ ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ (സംഘടനാരേഖ), സംസ്ഥാന അക്കാദമിക് കമ്മിററി ചെയർമാൻ പ്രൊഫ. പി. രഘുനാഥ് (അക്കാദമിക് രേഖ) സർവീസ് സെൽ അംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് (സർവീസ് രേഖ), ജേർണൽ ചീഫ് എഡിററർ ഡോ. എസ്. ജയരാജ് കുമാർ (ജേർണൽ രേഖ) എന്നിവർ റിപ്പോർട്ടിങ് നടത്തി.

ഞായറാഴ്ച രാവിലെ 10 മണിക്ക് സംഘടനാ ചരിത്രത്തെപ്പററി നടന്ന സെഷനിൽ മുൻ ജനറൽ സെക്രട്ടറി പ്രൊഫ. വി. എൻ. മുരളി "സംഘടന പിന്നിട്ട നാളുകളെ" പററി സംസാരിച്ചു. ലീവ് റൂൾസ്കളെ സംബന്ധിച്ച് പ്രൊഫ. ഹരിദാസൻ ക്ലാസ്സെടുത്തു. ജില്ലാ സെക്രട്ടറി ഡോ. ശ്രീവൽസൻ ക്യാമ്പ് അംഗങ്ങൾക്ക് നന്ദിരേഖപ്പെടുത്തി.

# സർവകലാശാല മാർച്ചും ധർണയും

**2005 ആഗസ്റ്റ് 27**

- എയ്ഡഡ് കോളജുകളിൽ എയ്ഡഡ് കോഴ്സുകൾ അനുവദിക്കുക
  അൺ എയ്ഡഡ് കോഴ്സുകൾ നിർത്തലാക്കുക
- 1997 നുശേഷം അനുവദിച്ച എയ്ഡഡ് കോഴ്സുകൾക്ക് സ്ഥിരം തസ്തികകൾ സൃഷ്ടിക്കുക
- സ്ഥിരം തസ്തികകളിൽ സ്ഥിരം നിയമനം നടത്തുക.
  നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകുക

## കേരള സർവകലാശാല



എയ്ഡഡ് കോളജുകളിൽ അൺ എയ്ഡഡ് കോഴ്സുകൾ ആരംഭിക്കുന്നതിനെതിരെയും 1997 നു ശേഷം അനുവദിച്ച കോഴ്സുകൾക്ക് സ്ഥിരം തസ്തികകളിൽ സ്ഥിരം നിയമനം നടത്തുക, നടത്തിയ നിയമനങ്ങൾക്ക് ഉടൻ അംഗീകാരം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടും എ. കെ. പി. സി. ടി. എ യുടെ ആഭിമുഖ്യത്തിൽ 27 - 08 - 2005 ന് രാവിലെ 10 മണി മുതൽ 1 മണിവരെ സർവകലാശാലാ കേന്ദ്രത്തിൽ കൂട്ട ധർണ നടത്തി. ധർണ്ണ കേരള നിയമസഭാ പ്രതിപക്ഷ ഉപനേതാവ് സ. കോടിയേരി ബാലകൃഷ്ണൻ ഉത്ഘാടനം ചെയ്തു. വിവിധ ബഹുജന സംഘടനാ നേതാക്കളായ ഡോ. എ. ആർ. രാജൻ, സ. അനിൽകുമാർ, ഡോ. മുഹമ്മദ് കുഞ്ഞ്, സ. എം. കെ. ശ്രീധരൻ എന്നിവർ ധർണ്ണയെ അഭിവാദ്യം ചെയ്തു. എ.കെ.പി.സി.ടി. എ സംസ്ഥാന വൈസ്പ്രസിഡണ്ട് പ്രൊഫ. പി. രഘുനാഥ് സമരത്തിനാധാരമായ കാര്യങ്ങൾ വിശദീകരിച്ചു. മേഖലാ സെക്രട്ടറി പ്രൊഫ. കെ. വിജയധരൻ സ്വാഗതവും തിരുവനന്തപുരം ജില്ലാ സെക്രട്ടറി ഡോ. വി. രാജേന്ദ്രൻ നായർ നന്ദിയും പറഞ്ഞു.

## എം. ജി. സർവകലാശാല



എയിഡഡ് കോളേജുകളെ തകർക്കുന്ന സർക്കാർ - സർവ്വകലാശാല നടപടികൾക്കെതിരെ എ.കെ.പി.സി.ടി. എ യുടെ ആഭിമുഖ്യത്തിൽ എം.ജി. യൂണിവേഴ്സിററി കവാടത്തിൽ പ്രകടനവും ധർണയും നടന്നു സി.പി. ഐ (എം) ജില്ലാ സെക്രട്ടറി സ. കെ. ജെ. തോമസ് Ex-MLA ധർണ്ണ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനുവേണ്ടി ശക്തിയായ പോരാട്ടങ്ങൾ ഉയർന്നു വരേണ്ടതുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ധർണയ്ക്ക് അഭിവാദ്യം അർപ്പിച്ചുകൊണ്ട് പ്രൊഫ. കെ. സദാശിവൻ നായർ (ജില്ലാ വൈസ്. പ്രസിഡന്റ്, കേരള വിദ്യാഭ്യാസ സമിതി), ഡോ. സി.ടി. അരവിന്ദകുമാർ (എ. ജി. യൂണി. ടീച്ചേഴ്സ് അസ്സോസിയേഷൻ), ശ്രീ T.S.N ഇളയത് (ജില്ലാ സെക്രട്ടറി, കെ.എസ്.ടി.എ), ശ്രീ. രാജേഷ് (ജില്ലാ സെക്രട്ടറി, എസ്. എഫ്. ഐ), പ്രൊഫ. ജയിംസ് ഫിലിപ്പ് (എ. കെ. പി. സി. ടി. എ) ഡോ. രാജൻ വർഗീസ് (കൺവീനർ, അക്കാദമിക് കമ്മിററി, എ.കെ.പി.സി.ടി.എ) എന്നിവർ സംസാരിച്ചു. എ.കെ.പി.സി.ടി.എ സെക്രട്ടറി പ്രൊഫ. വി. സി. ആന്റണി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ല സെക്രട്ടറി ഡോ. കെ.പി സുകുമാരൻ നായർ സ്വാഗതവും ജില്ലാ വൈസ് പ്രസിഡന്റ് പ്രൊഫ. പി.പി. ചന്ദ്രശേഖരപിള്ള നന്ദിയും പറഞ്ഞു.

## കോഴിക്കോട് സർവകലാശാല



ആഗസ്ററ് 27 ന് കോഴിക്കോട് സർവകലാശാല ആസ്ഥാനത്തുനടന്ന ധർണ്ണ പ്രൊഫ. വി. നാരായണൻ കുട്ടി ഉദ്ഘാടനംചെയ്തു. കെ. വിശ്വനാഥ് (കാലിക്കററ് യൂണിവേഴ്സിററി എംപ്ലോയീസ് യൂണിയൻ) ബി. കെ. വിജയൻ (എ. കെ. ജി. സി. ടി) എന്നിവർ ധർണ്ണയെ അഭിവാദ്യം ചെയ്തു.

## കണ്ണൂർ സർവകലാശാല

സംസ്ഥാന പ്രവർത്തക സമിതി തീരുമാനത്തിന്റെ ഭാഗമായി സർവ്വകലാശാല മാർച്ചും ധർണ്ണയും നടന്നു. ആർ. മോഹൻകുമാർ ധർണ്ണ ഉത്ഘാടനം ചെയ്തു. സി. പത്മനാഭൻ (സംസ്ഥാന സെക്രട്ടറി, എ.കെ.പി.സി.ടി.എ) എ.പി. കുട്ടികൃഷ്ണൻ (പ്രവർത്തക സമിതി അംഗം) എം. പി. ബാലറാം ( മുൻ സംസ്ഥാന സെക്രട്ടറി) കെ.പി. സുധീർ കുമാർ ( യൂണി. എംപ്ളോയീസ് യൂണിയൻ) പി. വി. രവീന്ദ്രൻ, കെ. പ്രദീപ്കുമാർ എന്നിവർ ധർണ്ണയെ അഭിവാദ്യം ചെയ്തു സംസാരിച്ചു.



# കണ്ണൂർ സർവ്വകലാശാല സംരക്ഷണ സമിതി രൂപീകരിച്ചു.

കണ്ണൂർ സർവ്വകലാശാലയിൽ നടക്കുന്ന അഴിമതിയ്ക്കും സ്വജനപക്ഷപാതത്തിനുമെതിരെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടകളുടെ ആഭിമുഖ്യത്തിൽ സർവ്വകലാശാല സംരക്ഷണ സമിതി രൂപീകരിച്ചു.

സർവ്വകലാശാല ഭരണ സമിതി നിയമങ്ങളും വ്യവസ്ഥകളും പാലിക്കാതെ നിയമനം നടത്തുകയും അധ്യാപകരുടെ അപ്രൂവൽ രാഷ്ട്രീയ വിദ്വേഷത്തിന്റെ പേരിൽ താമസിപ്പിക്കുകയും ചെയ്യുന്നതിൽ വ്യാപകമായ പ്രതിഷേധം വളർന്നുവരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ കൂട്ടായി ചർച്ച ചെയ്യാനും സമര പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുവേണ്ടി എ.കെ.പി.സി.ടി. എ യുടെ ആഭിമുഖ്യത്തിൽ വിളിച്ചുചേർത്ത രൂപീകരണയോഗം കണ്ണൂർ NGO യൂണിയൻ ഹാളിൽ വെച്ച് ചേർന്നു.

രൂപീകരണ യോഗത്തിൽ എ.പി. കുട്ടികൃഷ്ണൻ (എ.കെ.പി. സി. ടി. എ), കെ. എം. ഷരീഫ് (കണ്ണൂർ യൂണി. ടീച്ചേഴ്സ് കലക്ടീവ്), പി.സി. എച്. ശശിധരൻ (യൂണി. എം. യൂണിയൻ) എന്നിവർ കാര്യങ്ങൾ വിശദീകരിച്ചു. സി. താരാനാഥ് (എ.കെ.പി.സി.ടി.) അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ സി. പത്മനാഭൻ (എ. കെ. പി. സി. ടി. എ) സംസ്ഥാന സെക്രട്ടറി) നന്ദിയും പറഞ്ഞു. സംരക്ഷണ സമിതി ഭാരവാഹികൾ ചെയർമാൻ - കെ. വി. നാരായണൻ (എ.കെ.പി.സി.ടി. എ) ജന. കൺവീനർ - സി. പത്മനാഭൻ (എ.കെ.പി.സി.ടി. എ) കൺവീനർ - പി.സി. എച്. ശശിധരൻ (കെ. യു. ഇ. യു) പി.വി. രവീന്ദ്രൻ ( എ.കെ.പി.സി.ടി. എ) എം. അശോകൻ ( എ.കെ. ജി. സി.ടി) ബാബു ആന്റോ (കെ.യു. ടി. സി) ടി. ശിവദാസൻ ( എസ്. എഫ്. ഐ)

# ROUTLEDGE WHO'S WHO

## The only biographical A-Z guides of their kind













Set of 10 books
in attractive slip case
8175962283
Special Set Price
**Rs. 2495.00**

ROUTLEDGE Routledge
Taylor & Francis Group

**Who's Who in Contemporary Women's Writing**
ISBN: 0415159814

**Who's Who in Contemporary World Theatre**
ISBN: 0415141621

**Who's Who in Military History**
ISBN: 0415260396

**Who's Who in Modern History**
ISBN: 0415118859

**Who's Who in Shakespeare**
ISBN: 0415260353

**Who's Who of Twentieth-Century Novelists**
ISBN: 0415165067

**Who's Who in Twentieth-Century Warfare**
ISBN: 0415234972

**Who's Who in Twentieth-Century World Poetry**
ISBN: 0415163560

**Who's Who in World Politics**
ISBN: 0415131618

**Who's Who in World War Two**
ISBN: 0415260337

**Price Rs. 325.00 Each**

FOUNDATION
BOOKS
**www.foundationbooksindia.com**

**FOUNDATION BOOKS PVT. LTD.**

C-22, "C" Block, Brigade MM, K.R. Road, Jayanagar, **Bangalore-560082**
Tel.: 56693388, 26764817, 26762764 Fax: 26761322 Email: cupbang@cupind.com

# COMPUTATION OF INCOME TAX
## FOR THE FINANCIAL YEAR 2005-06


TOMICHAN JOSEPH
K. E. College, Mannanam
Member Service Cell, AKPCTA


Finance Act 2005 has brought about major changes in the computation of total income and tax payable for the financial year 2005-06. Compared to 2004-05, tax liability of the assessee has been considerably reduced. An attempt is made here to show the computation of total income and tax payable as per the changes effected by the Finance Act 2005.

**Major changes**

(1) New rate structure
(2) Standard deduction u/s 16(i) deleted
(3) New section 80C instead of rebate u/s 88
(4) Section 88B, 88C and 88d are deleted
(5) 80L deleted
(6) Monitory limit of tuition fees and repayment of house building advance u/s 80C have been removed.

### Procedure for the calculation of Income Tax

| | |
|---|---|
| Basic Pay | ——— |
| D.A. | ——— |
| HRA (after deduction u/s 10(13A) | ——— |
| D.A. arrears credited to P.F. | ——— |
| Arrears received in cash | ——— |
| Encashment of earned leave | ——— |
| Festival allowance | ——— |
| | Gross salary |
| Less Deduction for employment tax u/s 16 (iii) | ——— |
| | Net salary |
| Less interest on House building advance | ——— |
| Add interest on NSC | ——— |
| | Gross Total Income |
| Less deduction u/s 80<br>(1) 80 C instead of rebate u/s 88<br>(2) 80 D (3) 80 DD (4) 80DDB<br>(5) 80E (6) 80 G (7) 80GGC<br>(8) 80 U | ——— |
| | Total Income |

**Computation of tax payable**

| | |
|---|---|
| (1) Tax is computed by applying the prescribed rate on total income | ——— |
| (2) Add surcharge | ——— |
| (3) Add education cess | ——— |
| (4) Less Relief u/s 89 (1) | ——— |
| | Net Tax payable |

### I. Exemptions u/s 10(13A) Rule 2A – HRA

Exemptions for HRA can be claimed only by those who are residing in rented accommodation and if the rent paid by him exceeds 10% of his salary.

Exempted portion of HRA is least of the following 3 figures.

1. Actual amount of HRA received
2. Excess of rent paid over 10% of salary
3. 40% of salary due

HRA as reduced by the amount of exemption is included in gross salary.

### II. Tax on Employment 16(iii)

Employment tax paid by the assessee leviable by or under any law will be allowed as deduction.

## കേരള സർവ്വകലാ


**A. Prathapachandran Nair**
MG College, Tvpm


**K. Vijayadharan**
SN College, Kollam


**Dr. G. Balachandran**
SD College, Alappuzha


**Mathew Varghese**
Christian College, Chengannur


**B. Bhuvanendran**
S.N. College, Varkala


**K. Chandapilla Panicker**
TKM College of Engg., Koll

## കണ്ണൂർ സർവ്വകലാ


**Dr. K. Pradeep kumar**
PR NSS College, Mattannur


**P.V. Raveendran**
Sir Syed College, Taliparamba


**Dr. C.R. Lalitha**
SN College, Kannur

# തെരഞ്ഞെടുക്കപ്പെട്ടവർ

## കേരള സർവ്വകലാശാല



**Dr. G. Balachandran**
SD College, Alappuzha



**K.L. Vivekanandan**
S.N. College, Chempazhanthy



**Johny K. John**
Mar Ivanios College, Tvpm



**K. Chandapilla Panicker**
TKM College of Engg., Kollam



**P.G. Sukumaran Nair**
NSS College, Cherthala



**A. Shajahan**
TKM College of A &S, Kollam

## ണ്ണൂർ സർവ്വകലാശാല



**Dr. C. R. Lalitha**
SN College, Kannur



**C. Chandran**
SES College, Sreekandapuram



**A. Mohanan**
NAS College, Kanghanga

## III. Rules for claiming interest on loan for self occupied house

Allowable maximum interest Rs.30,000 where such property has been (1) acquired (2) constructed (3) repaired (4) renewed (5) reconstructed.

Allowable interest Maximum Rs.150000 – where such property (1) acquired (2) constructed with capital borrowed after 31-3-99 and construction completed with in 3 years from the end of financial year in which the capital was borrowed.

Note

1. Enhanced deduction of Rs.1,50,000 is available only for acquisition and construction of the property or repayment of the existing loan taken for acquisition or construction.
2. No stipulation regarding the date of commencement of construction
3. Interest is allowed on accrual basis ie. Amount payable though not paid is also deductible

## IV. 80C Deduction in respect of LIC premium, contribution to PF etc. (Instead of rebated u/s 88)

The following payments will qualify for deduction u/s 80C.

1. Premium paid for insuring the life of spouse or his or her child including major children.
2. Contribution to provident Fund
3. Contribution to public provident fund in the name of self, spouse, his/her child.
4. Contribution to unit linked insurance plan of UTI.
5. Amount used to purchase NSC VIII issue
6. Interest accrued on NSC VIII issue (excluding interest credited in the 6th year).
7. Contribution to Dhanraksha Scheme of LIC Mutual Fund
8. Subscription to Home loan Account scheme of National Housing bank.
9. Amount paid for the repayment of loans taken for the construction or acquisition of self occupied house property.

Note : Stamp duty, registration fee and other expenses for the transfer of such house property to the assessee are also qualify.

10. Sums paid towards Jeevan Dhara and Jeevan Akshay schemes of LIC of India.
11. Tuition fees (excluding any payment towards any development fees for donation or payment of similar nature). Paid at the time of admission or thereafter to any university, college, school or other educational institution situated in India for the purpose of full time education of his two children (no maximum limit).
12. Investment in equity shares or debentures of a public company or public financial institution forming part of any eligible issue of capital approved by the board.
13. Sum paid as subscription to any units of mutual fund approved by the board.
14. Contribution to pension fund of LIC or any other insurer. (80 CCC)

Note : In items 12 &13 certain taxes saving bonds issued by I.D.B.I. and ICICI will qualify.

**Quantum of Deduction**

Maximum deduction is restricted to Rs. 1,00,000 (including pension fund u/s 80CCC). I.e. Rs. 1,00,000 or actual savings whichever is less.

## V. 80D Deduction in respect of Medical Insurance premia

The premium paid for insure the health of the assessee, his spouse, depended parents or depended children. The amount should be paid by cheque out of taxable income of the assessee. Deductible amount – Amount of premium so paid or Rs.10000 whichever is less.

Note: Where any of the insured is a senior citizen Maximum of Rs.10000 will be enhanced to Rs. 15,000.

## VI. 80 DD Deduction in respect of maintenance including medical treatment of Handicapped dependent.

**Items eligible for deduction**

a. Expenditure incurred by way of medical treatment ( including nursing ) training and

rehabilitation of handicapped dependent or

b. The amount paid or deposited for the benefit of such dependent under any scheme framed by the L.I.C. of India or nay other insurer.

**Quantum of Deduction -**

1) Rs. 50,000 irrespective of the amount of expenditure incurred for 40% of the disability or more.

2) in case of severe disability – Rs. 75,000 irrespective of the amount of expenditure. i.e., for disability of 80% or more.

**Handicapped dependent**: means a relative of the assessee and dependent for support and maintenance on the assessee. He is suffering from a permanent physical disability or mental retardation which is certified by a medical authority. Copy of the certificate should be filed along with the return of income. Fresh certificate should be filed where the disability requires reassessment.

**Dependent** : The spouse, children, parents, brothers and sisters of the individual or any of them dependent wholly or mainly on such individual for support and maintenance.

## VII. 80DDB Deduction in respect of medical treatment of assessee or any dependent relative of specified disease.

Assessee incurred expenditure for the medical treatment of specified diseases of assessee himself or dependent relative prescribed in rule 11DD.

**Quantum of deduction –**

(1) Rs. 40000 or the amount of expenditure W.I.L.

(2) Where the expenditure is incurred for the treatment of a senior citizen the amount of Rs. 40000 mentioned above will be enhanced to Rs. 60000.

(3) Where any compensation (Mediclaim) is received from an insurance company for the medical treatment or Reimbursement of expenses from employer, the deductions mentioned above shall be reduced by such compensation.

**Specified diseases**

1. Neurological diseases where the disability level has been certified to be of 40% and above.
   a. Dementia
   b. Dystonia musculorum detormans
   c. Motor Neuron Disease
   d. Ataxia
   e. Chorea
   f. Hemiballismus
   g. Aphasia
   h. Parkinsons disease

II. Malignant cancers

III. AIDS

IV. Chronic Renal failure

V. Hematological disorders
   a. Hemophilia
   b. Thalassaemia

Assessee should file a certificate in prescribed form (Form No. 10-I) from a neurologist, an oncologist, a urologist, a haematologist, an immunologist, etc. working in a government hospital.

dependent relative – same as stated in 80DD.

**VIII. 80E Deduction in respect of interest on Loan taken for Higher education of the Assessee.**

**Quantum of deduction -** Full amount of interest paid during the year.

**Period of deduction**

Deduction is allowed for 8 years..

**Higher education -** Full time studies for any graduate or postgraduate courses in engineering, medicine, management or post graduate course in applied sciences or pure sciences including mathematics and statistics.

**IX. 80 G Donation made during the previous year.**

Donations made to certain funds are 100% deductible.

Donations to certain charitable trust deductible only 50%.

**X. 80GG C Contributions given to political parties**

**Quantum of Deduction** – full amount contributed is allowed as deduction.

**XI. 80 U Deduction in respect of persons with disability**

Persons suffering from the following disabilities, i.e. not less than 40% disability. Blindness, low-vision, leprosy cured, hearing impairment, locomotor disability, mental retardation, mental illness, autism, cerebral palacy and multiple disability.

**Quantum of Deduction –** A fixed deduction of Rs. 50,000/- for 40% or more disability.

For severe disability i.e. 80% or above – Rs. 75,000.

Filing of certificate – Same as for 80 DD

**XII. Tax on total income**

Tax rate applicable for the Assessment Year 2006-07 i.e. in the previous year (financial year) 2005-2006.

**I. Ordinary individual**

| | | |
|---|---|---|
| First 1,00,000 of the total income | - | Nil |
| Next 50,000 of the total income | - | 10% |
| Next 1,00,000 of the total income | - | 20% |
| Balance of the total income | - | 30% |

**II. Individual (women below the age of 65 years)**

| | | |
|---|---|---|
| First 1,35,000 of the total income | - | Nil |
| Next 15,000 of the total income | - | 10% |
| Next 1,00,000 of the total income | - | 20% |
| Balance of the total income | - | 30% |

**III. Senior citizen – age 65 years during the previous year**

| | | |
|---|---|---|
| First 1,85,000 of the total income | - | Nil |
| Next 65,000 of the total income | - | 20% |
| Balance of the total income | - | 30% |

a. Surcharge @ 10% of tax if the total income exceeds Rs.10,00,000.

b. Education cess @ 2% of tax and surcharge as calculated above.

**Example**

Details of salary of Assessee 'A'

| | | |
|---|---|---|
| Basic pay | - | 16,200 p.m. |
| D.A. | - | 9,558 p.m. |
| HRA | - | 100 p.m. |
| Festival allowance | - | 1,000 p.a. |
| D.A. arrear credited to P.F. | - | 20,000 |
| Interest on NSC accrued | - | 13,000 |
| Interest on Housing Loan, (Loan taken after 31.3.99) | - | 40,000 p.a. |
| LIC premiums paid | - | 15,000 p.a. |
| Principal of H. Loan repaid | - | 23,000 p.a. |
| P.F. Contribution | - | 24,000 p.a. |
| Investment in IDBI tax saving bond | - | 40,000 |
| Employment tax paid | - | 2,600 p.a. |
| Contribution to pension fund of LIC | - | 11,000 |
| Medical Insurance premium paid | - | 8,000 p.a. |
| Educational expense of first child | - | 13,000 |
| Second child | - | 25,000 |

**Computation of total income and tax payable by assessee 'A'**

**Assessment Year 2006-07**

**Previous Year 2005-06**

| | | |
|---|---|---|
| Basic pay | - | 1,94,400 |
| D.A. | - | 1,14,696 |
| Festival Allowance | - | 1,000 |
| HRA | - | 1,200 |
| D.A. credited P.F. | - | 20,000 |
| **Gross Salary** | - | **3,31,296** |
| Employment Tax paid u/s 16 (III) | - | 2,600 |
| **Net salaries** | - | **3,28,696** |
| Less Interest on H. Loan | - | 40,000 |
| | - | 2,88,696 |
| Add interest on NSC | - | 13,000 |
| **Gross Total Income** | - | **3,01,696** |
| Less 80 C | - | 1,00,000 |
| 80 D premium of Mediclaim | - | 8,000 |
| | | 1,08,000 |
| **Total income** | - | **1,93,700** |

**I. Computation of Tax on total income**

| | | | | | | |
|---|---|---|---|---|---|---|
| First | 1,00,000 | - | NIL | - | | NIL |
| Next | 50,000 | - | 10% | - | | 5000 |
| Balance | 43,700 | - | 20% | - | | 8,740 |
| | Total | | | | | 13,740 |
| | Add Education cess @ 2% of 13,740 | | | | | 275 |
| | Total tax payable | | | | | 14,015 |

**II. If the Assessee is a women below the age of 65 years**

| | | | | | |
|---|---|---|---|---|---|
| First | 1,35,000 | - | NIL | - | NIL |
| Next | 15,000 | - | 10% | - | 1500 |
| Balance | 43,700 | - | 20% | - | 8,740 |

| | | | |
|---|---|---|---|
| Total | | 10,240 | |
| Add Education cess @ 2% of 10,240 | | 205 | |
| Total tax payable | | 10,445 | |

**Deductable amount u/s 80C**

| | | | |
|---|---|---|---|
| 1. P.F. contribution current | - | 24,000 | |
| 2. P.F. D.A. arrear credited | - | 20,000 | |
| 3. Interest on NSC | - | 13,000 | |
| 4. Principal of H. Loan | - | | 23,000 |
| 5. LIC premium paid | - | | 15,000 |
| 6. Educational Expense First Child | | 13,000 | |
| Second child | | 25,000 | 38,000 |
| 7. Contribution to pension fund (80CCC) | - | | 10,000 |
| 8. Investment IDBI tax saving Bond Rs. 40,000 | - | | 40,000 |
| Total | | | 1,83,000 |

**Notes :**

1. Qualifying sum deductable u/s 80C is restricted to Rs.1,00,000 (including pension fund contribution Rs.10,000 u/s 80CCC.
2. Treatment of NSC
   a) Include interest on NSC under the Head income form other source.
   b) Qualifies for deduction u/s 80 C
   c) No deduction u/s 80 L.
3. Surcharge is not applicable as the total income does not exceeds Rs.10,00,000.

**Table showing interest on NSC for deduction u/s 80C.**
**Given rate is interest for every Rs. 100 of investment**

| Period of investment | I year | II year | III year | IV year | V year | V year |
|---|---|---|---|---|---|---|
| Prior to 1.1.99 | 12.40 | 13.90 | 15.60 | 17.50 | 19.70 | 22.40 |
| From 1.1.99 before 15.1.2000 | 11.83 | 13.23 | 14.80 | 16.54 | 18.51 | 20.69 |
| From 15.1.2000 before 1.3.2001 | 11.30 | 12.58 | 14.0 | 15.58 | 17.35 | 19.31 |
| From 1.3.2001 before 1.3.2002 | 9.72 | 10.67 | 11.71 | 12.85 | 14.10 | 15.47 |
| From 1.3.2002 before 1.3.2003 | 9.20 | 10.05 | 10.97 | 11:98 | 13.09 | 14.29 |
| 1.3.2003 onwards | 8.16 | 8.83 | 9.55 | 10.33 | 11.17 | 12.08 |

**Relief u/s 89 (I)**

As per the decision of Madras 'D' Bench of ITAT in the case of R. J. Basu Vs ITO and judgement of income tax appellate tribunal Cochin bench in the case of assessee Shri. A. P. Jose Lecturer, St. Thomas College, Trichur for the Assessment year 1992-93 assessee can claim rebate u/s 88 in respect of arrears credited to P.F. relating to earlier years even if the amount is credited during the current financial year. Assesses who are denied of this right can file an appeal to the Commissioner of Income Tax (appeals) and get it established.

# St. Albert's College told to follow order on timings

Ending months of uncertainty over the issue of change in college timings, the Mahatma Gandhi University Syndicate has directed the St. Albert's College management to stick to the Government order regarding scheduling of college timings.

The St. Albert's College management decision to change the college timings to between 8 a. m. and 1.30 p. m. had met with opposition from teachers and students on the campus. A Syndicate sub-committee that probed the issue found that the college timings were changed without the concurrence of the University and the Government. The committee recommended that the university should take steps to check such "unlawful actions", as it might initiate a chain of acts of indiscipline by various affiliating institutions.

As per the directive given by the Syndicate, the college management will have to fix the timings either between 9 a. m. and 4 p. m. or 9.30 a. m. and 4.30 p. m. The management can also fix the timings between 10 a. m. and 5 p. m. A Government Order Number 5/2001/Higher Education dated January 1, 2001, had pointed out that the colleges should fix the timings in any of these three slots, depending on local conditions. This order was issued on the basis of the recommendations made by a committee of Vice-Chancellors. The Higher Education Department had directed managements to intimate the college timings to the universities concerned. Principals were asked to ensure that the timings given in the order should be ensured on the campus.

The Syndicate has also asked the Principal to give an explanation on the issue of denial of permission for conducting a centralised camp on the campus in July. The Syndicate sub-committee of MGU had held the Principal responsible for trying to disrupt the centralised valuation camp of fourth semester postgraduate examinations.

The issue took centrestage after the college authorities objected to the conduct of the centralised valuation camp for M. A., M. Com. and M. Sc. fourth semester examinations. The Principal will be asked to appear before the university authorities, if the Syndicate finds the reply unsatisfactory. The Syndicate committee had pointed out that senior university officials had intimated the college authorities about the proposed valuation camp.




# ഹീനമായ 'ബിഗ് ബാങ്ങി'ന് മുമ്പും പിമ്പും

എം. എസ്. വസന്തകുമാർ
എസ്. എൻ. കോളജ്, കൊല്ലം

**ഹിരോഷിമയിലെ കുരുതിക്ക് 60 വയസ്സ് തികയുന്നു. മനുഷ്യമനസ്സാക്ഷിയെ നടുക്കിയ ആ സ്ഫോടനം വിതച്ച നാശങ്ങൾ നൽകുന്ന മുന്നറിയിപ്പ്.**

രണ്ടാം ലോകമഹായുദ്ധകാലത്ത് ജപ്പാന്റെ ഒരു സൈനികകേന്ദ്രമായിരുന്നു ഹിരോഷിമ. മദ്ധ്യജപ്പാനിലെ ഈ പട്ടണം ഒരു വാണിജ്യ കേന്ദ്രവുമായിരുന്നു. ദ്വീപുകൾ നിറഞ്ഞ ഉൾക്കടലിൽ ഹിരോഷിമ ഒരു കൊച്ചു ലാവണ്യമായിരുന്നു. യുദ്ധകാലത്ത് കൃത്രിമമായി എണ്ണ ഉൽപാദിപ്പിച്ചിരുന്ന സ്ഥലമായിരുന്നു അത്.



A woman sits praying at the peace Memorial Park in Hiroshima. A bomb Dome is reflected

1945 ആഗസ്ററ് ആറിന് രാവിലെ 8.15 കഴിഞ്ഞ് മുപ്പത് സെക്കന്റ് ആയപ്പോൾ ഹിരോഷിമയ്ക്ക് മേൽ ലോകത്തെ ആദ്യത്തെ ആററം ബോംബ് വീണു പൊട്ടിത്തെറിച്ചു. ഹിരോഷിമയിലെ 8900 സ്കൂൾ കുട്ടികളും അവരുടെ അദ്ധ്യാപകരും തെരുവ് വൃത്തിയാക്കിക്കൊണ്ട് നിൽക്കവെ ആയിരുന്നു ഇത്. മനുഷ്യചരിത്രത്തിലെ ഏററവും ഹീനമായ ഈ ദൗത്യ നിർവ്വഹണത്തിന് എത്തിയ വിമാനത്തിന്റെ പേര് എനോള ഗെ (Enola gay) എന്നായിരുന്നു. ഈ ബോംബിങ്ങിന്റെ തലവൻ ലെഫ്ററനന്റ് കേണൽ പോൾ. ഡബ്ല്യു ററിബററ്സ് ആയിരുന്നു. അയാളുടെ അമ്മയുടെ പേരാണ് എനോള ഗെ.

4400 കിലോഗ്രാം ഭാരമുള്ള 'ലിററിൽബോയ്' എന്ന ആററം ബോംബിന് മൂന്ന് മീററർ നീളമായിരുന്നു. അത് താഴേക്കിട്ടിട്ട് എനോള ഗെ ചിറക് വിരിച്ച് പറന്നകന്നു. 43 സെക്കന്റിനകം ലിററിൽ ബോയ് പൊട്ടിത്തെറിച്ചു. നിമിഷാർദ്ധത്തിൽ താപനില 4000 ഡിഗ്രി സെൽഷ്യൽസ് കവിഞ്ഞു. ഹിരോഷിമയിലെ മോട്ടോയാസു നദിയിലെ വെള്ളം തിളച്ച് ആവിയായി പതഞ്ഞുപൊങ്ങി. സ്ഫോടനത്തിലും ചൂടിലും ഒററയടിക്ക് ഒരു ലക്ഷത്തിൽ ഏറെപ്പേർ മൃതിയടഞ്ഞു. ഒന്നര കിലോമീററർ അകലെ ഈ ദൃശ്യം കണ്ടവരുടെ കണ്ണിലെ കൃഷ്ണമണികൾ ഉരുകിപ്പോയി. ശരീരം പൊള്ളിയവർ നദിയിൽ ചാടിയപ്പോൾ തിളച്ചു പതഞ്ഞ ജലത്തിൽ അവർ വെന്തു മരി

ച്ചു. 48000 കെട്ടിടങ്ങൾ തകർന്നു. ആറ്റമിക് റേഡിയേഷൻ സിൻഡ്രോം എന്ന രോഗത്താൽ ഇന്നും ഹിരോഷിമയിൽ ആളുകൾ മരിക്കുന്നു.

അണുബോംബ് സ്ഫോടനം നടന്നതിന്റെ രണ്ട് കിലോമീറ്റർ ചുറ്റളവിൽ ഒന്നും അവശേഷിച്ചില്ല. പത്തു വർഷത്തിന് ശേഷം അവിടെ സ്ഥാപിതമായ സമാധാന സ്മാരക മ്യൂസിയത്തിൽ ഹിരോഷിമയിലെ ദുരന്താവശിഷ്ടങ്ങൾ പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ട്. നാണയശേഖരങ്ങൾ ഉരുകി ഒന്നായി കട്ടപിടിച്ചതും, ചെറിയ ഗ്ലാസ് കുപ്പികൾ ഉരുകി ഒട്ടിനിൽക്കുന്നതും അവയിൽ ചിലതത്രെ. ഉരുകി ദ്രവിച്ച ഒരു ആരസൈക്കിൾ, റേഡിയേഷനേററ വിദ്യാർത്ഥിയുടെ ഇരിഞ്ഞുവീണ നഖങ്ങളും തൊലിയും, ഷിഗേരു ഒരിമെൻ എന്ന വിദ്യാർത്ഥിയുടെ മൃതദേഹത്തിൽ നിന്നെടുത്ത അലൂമിനിയം ലഞ്ച് ബോക്സും, അതിലെ ചോറ് കരിഞ്ഞിരിക്കുന്നതും...... പ്രദർശിപ്പിക്കപ്പെട്ടതെല്ലാം ആരിലും നടുക്കമുണ്ടാക്കുമെന്ന് ജപ്പാനിലെ അഡ്വാൻസ്ഡ് ടെക്നോളജി ഇൻസ്ററിററ്യൂട്ടിലെ മലയാളി ശാസ്ത്രജ്ഞനായ ഡോ. കെ. എ. ബാവ സാക്ഷ്യപ്പെടുത്തുന്നു.



Mushroom Cloud

അമേരിക്കൻ സേനയുടെ ബി - 2 ബോംബർ വിമാനം എനോള ഗെ, ഉത്തര പസിഫിക്കിലെ ടിനിയൻ ദ്വീപിൽ നിന്ന് ആണ് പറന്നുയർന്നത്. അതിന് അകമ്പടി സേവിച്ചുകൊണ്ട് മററ് മൂന്ന് ഫൈററർ വിമാനങ്ങളും ഉണ്ടായിരുന്നു. ഒരെണ്ണം രംഗം ക്യാമറയിൽ പകർത്തുന്നതിനും മറ്റൊന്ന് മുന്നിൽ കാലാവസ്ഥ നിരീക്ഷണത്തിനുമായിരുന്നു പറന്നത്.

780 മീററർ വ്യാസമുള്ള ഒരു സൂര്യസമാനമായ തീഗോളമാണ് സ്ഫോടനത്തിന്റെ ആദ്യ ദൃശ്യമായി ക്യാമറ പകർത്തിയത്. പിന്നെ അത് കൂൺ മേഘമായി (Mushroom Cloud) മാറി. സ്ഫോടനമുയർത്തിയ പൊടിപടലങ്ങളിൽ മേഘം ബാഷ്പീകരിച്ച് മഴ പെയ്തു. കരിഞ്ഞ പൊടിപടലങ്ങളായതിനാൽ പെയ്ത മഴ കരിമഴ ആയിരുന്നു. വികിരണ സ്വഭാവമുള്ള പൊടി അടങ്ങിയ ഈ മഴ കാരണം, പെയ്ത ഇടങ്ങളിലെ കുളങ്ങളിലെയും നദികളിലെയും മത്സ്യങ്ങൾ ചത്തു പൊങ്ങി. അഭൂതപൂർവ്വമായ ഒരു ശ്മശാനം അവിടെ സൃഷ്ടിക്കപ്പെട്ടു.

## ശാസ്ത്രം

ഓട്ടോഹാൻ ആയിരുന്നു ശൃംഖലാ അഭിക്രിയ (Chain reaction) കണ്ടുപിടിച്ചത്. അതിന് അദ്ദേഹത്തിന് 1944 ലെ കെമിസ്ട്രിക്കുള്ള നോബൽ പ്രൈസ് നൽകിയിരുന്നു. ന്യൂട്രോൺ (neutron) ഉപയോഗിച്ച് ഒരു യുറേനിയം - ന്യൂക്ലിയസിനെ ഭേദനം ചെയ്യുമ്പോൾ അത് ബേരിയം, ക്രിപ്റേറാൺ എന്നീ ന്യൂക്ളിയസുകളായി മാറുകയും മൂന്ന് പുതിയ ന്യൂട്രോണുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഈ പുതു ന്യൂട്രോണുകൾ, ഭേദനം ചെയ്യപ്പെടാതെ അവശേഷിക്കുന്ന യുറേനിയം ന്യൂക്ളിയസുകളെ ചെന്ന് ഭേദനം ചെയ്യുന്നു. അങ്ങനെ വീണ്ടും ബേരിയം, ക്രിപ്റേറാൺ എന്നീ ന്യൂക്ളിയസുകളും ന്യൂട്രോണുകളും ഉണ്ടാകുന്നു. ഈ പ്രക്രിയ ശൃംഖലയായി തുടരുന്നു. ഓരോ തവണ ഭേദനങ്ങൾ നടക്കുമ്പോഴും അതിഭീമമായ ഊർജ്ജം പുറത്തേക്ക് വിടുന്നു. ഇതാണ് ആററം ബോംബിന്റെ തത്വം.

## ആററം ബോംബിലേക്ക്

ഒന്നാം ലോകമഹായുദ്ധത്തിലെ കയ്പേറിയ അനുഭവങ്ങളുടെ പ്രതികാരത്തിനായി ജർമ്മനി ദാഹിക്കുന്ന വേളയിലാണ് രണ്ടാം ലോകയുദ്ധം നടക്കുന്നത്. വംശശുദ്ധിയുടെ അപ്പോസ്തലത്വം ഉയർത്തിപ്പിടിച്ച അഡോൾഫ് ഹിററ്ലർ ജർമ്മൻ ചാൻസലറായ കാലം. ജർമ്മൻ വംശശുദ്ധിക്കു വേണ്ടി 'ഹീന'മായ യഹൂദരെ അയാൾ കൂട്ടക്കൊല ചെയ്യുന്ന കാലം. എന്നാൽ ജർമ്മൻ ജൂതരോളം ധൈഷണിക മേന്മ കാട്ടിയവർ വേറെയില്ല. ഐൻസ്റ്റൈനും മാർക്സും ലീസ്മിററ്നറും ഒക്കെ ഇക്കൂട്ടത്തിൽ പെടും. ഹിററ്ലർ പക്ഷെ യഹൂദരെ കൂട്ടക്കൊല ചെയ്തു. അവിടെ നിന്ന് അതുകൊണ്ട് സുരക്ഷിതത്വം തേടി ഐൻസ്റ്റൈനും ലിസ്മീററ്നെറുമൊക്കെ സ്ഥലം വിട്ടിരുന്നു. തകൃതിയായി ഹിററ്ലർ പ്രോത്സാഹി

പ്പിച്ച ആണവ ഗവേഷണം ഇതുമൂലം തളർന്നു. മീററ്നറുടെ അഭാവമായിരുന്നു പ്രശ്നം. ഹിററ്ലർ ഒരു വീമ്പിളക്കി. ഞങ്ങൾ മാരകമായ ഒരു അണുവായുധം നിർമ്മിച്ചു കഴിഞ്ഞു. ലോകത്തെ മിടുക്കന്മാരേ ജാഗ്രത!



*ആൽബർട്ട് ഐൻസ്റ്റൈൻ*

ഇതുകേട്ട് ഭയന്ന രണ്ട് യൂറോപ്യൻ ശാസ്ത്രജ്ഞരായ ലിയോ ഷിലാഡ്, എഡ്വേഡ് ടെലർ എന്നിവർ അമേരിക്കയിൽ എത്തി. അന്ന് അവിടെ ന്യൂ ജഴ്സിയിൽ താമസിക്കുകയായിരുന്ന ഐൻസ്റ്റൈനെ അവർ കണ്ടു പറഞ്ഞു: ഹിററ്ലറുടെ പ്രസ്താവന കേട്ടില്ലേ? സത്യമാണോ അസത്യമാണോ എന്നറിയില്ല. എന്തും ചെയ്യാൻ മടിക്കാത്തവനാണ്. അവനെ നിലയ്ക്കുനിർത്താൻ അമേരിക്ക ആററംബോംബ് ഉണ്ടാക്കണം. അതിന് വേണ്ട എല്ലാ ഉപദേശവും അങ്ങ് അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ളിൻ റൂസ്‌വെൽററിനെക്കൊണ്ട് കൊടുക്കണം. ഹിററ്ലറെ ഭയപ്പെടുത്താൻ മാത്രം. സമാധാനപരമായ ഒരു പരീക്ഷണം കൂടി നടത്തിച്ചു കാണിച്ചാൽ അയാൾ അടങ്ങിക്കൊള്ളും.

ഈ അഭ്യർത്ഥനയിലെ ശുദ്ധാംശം മാത്രം കണ്ട് ഐൻസ്റ്റൈൻ റൂസ്‌വെൽററിന് കത്തെഴുതി. ഭയപ്പെടുത്താൻ (deterence) മാത്രമേ ആററംബോംബ് ഉപയോഗിക്കാവൂ. റൂസ്‌വെൽററ് ആ നിർദ്ദേശം സ്വീകരിച്ചു. എന്നാൽ അപ്രതീക്ഷിതമായി റൂസ്‌വെൽററ് മരിച്ചു. പിന്നെ അധികാരത്തിൽ വന്നത് ഹാരി ട്രൂമാൻ ആയിരുന്നു. അദ്ദേഹം ധൃതിയിൽ പടച്ച മാൻഹാററൻ പ്രോജക്ട് ആദ്യത്തെ ആററംബോംബിന് ജന്മം നൽകി. ഐൻസ്റ്റൈന്റെ ദ്രവ്യ- ഊർജ്ജ അദ്വൈത സമീകരണം $E = mc^2$ ആററംബോംബിന്റെ താത്വിക അടിത്തറ ആയിരുന്നു. എന്റിക്കോ ഫെർമി, റോബർട്ട് ഓപ്പഹെയ്മർ എന്നിവരുടെ തലച്ചോറും ഉൾച്ചേർന്നപ്പോൾ ആററം ബോംബ് യാഥാർത്ഥ്യമായി.

## ഹിരോഷിമയിലെ ബിഗ്ബാങ്

രണ്ടാം ലോകമഹായുദ്ധത്തിന്റെ മേൽക്കോയ്മ സഖ്യകക്ഷികൾ (Allied forces) ആയ അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, സോവിയററ് യൂണിയൻ നേടി നിൽക്കുന്ന ഘട്ടത്തിലാണ് ഹിരോഷിമയിലെ ബിഗ് ബാങ്. രണ്ടാം ലോകമഹായുദ്ധം തുടങ്ങിയ 1939 ൽ തന്നെ റഷ്യയും ജർമ്മനിയും അനാക്രമണ സന്ധിയിൽ ഒപ്പുവച്ചിരുന്നു. എന്നാൽ ഒരു മുന്നറിയിപ്പുമില്ലാതെ ഹിററ്ലറുടെ ജർമ്മൻ പട്ടാളം സ്ററാലിന്റെ റഷ്യയെ ആക്രമിച്ചു. തിരിച്ചടിക്കാനും ജർമ്മനിയെ തുരത്താനും റഷ്യ നന്നേ ക്ലേശിച്ചു. എങ്കിലും റഷ്യ ജർമ്മനിയെ തുരത്തി ഓടിച്ചു. ജർമ്മനി കീഴടക്കിയ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളും റഷ്യ മോചിപ്പിച്ചു. ജർമ്മനിയെ അവരുടെ ആസ്ഥാനത്ത് കൊണ്ടുപോയി മുട്ടുകുത്തിച്ചു. ജർമ്മനിയും ജപ്പാനും ഇററലിയും ഉൾപ്പെട്ട അച്ചുതണ്ട് ശക്തികൾ (axis powers) പരാജയം സമ്മതിച്ചു തുടങ്ങി. ഇതിനിടെ അമേരിക്കയുടെ പേൾഹാർബർ ബോംബ് ചെയ്ത ജപ്പാൻ, കീഴടങ്ങാൻ തുടങ്ങുകയായിരുന്നു. 1945 മെയ്മാസത്തിൽ കീഴടങ്ങൽ സംബന്ധമായ നിബന്ധനകൾ സോവ്യററ് യൂണിയനുമായി ജപ്പാൻ സംഭാഷണം ചെയ്തുവരികയായിരുന്നു. അങ്ങനെ സഖ്യകക്ഷികളുടെ വിജയനായകനായി റഷ്യ തിളങ്ങി വരുന്നു. അമേരിക്കയ്ക്ക് അത് അനുവദിക്കാൻ വയ്യ. തങ്ങൾക്കും വേണ്ടേ വിജയത്തിന്റെ ഒരു തൂവൽ? കയ്യിൽ ആററം ബോംബിരിക്കുന്നു. എങ്കിലത് ജപ്പാന്റെ മണ്ടയ്ക്കിടാം. ജപ്പാനെ പൊടിച്ച് ജയിച്ചത് തങ്ങളാകട്ടെ എന്ന് ചരിത്രം രേഖപ്പെടുത്തട്ടെ! എന്നുമാത്രമല്ല, ലോകം കിടുങ്ങുന്ന ആററംബോംബ് - സ്ഫോടനത്തിൽ തുടങ്ങട്ടെ തങ്ങളുടെ സൈനിക അധീശത്വം! അതുകൊണ്ടാണ് 'ഫോട്ടോഗ്രാഫർ വിമാന'ങ്ങളുമായി അവർ ഹിരോഷിമയിൽ എത്തിയത്.

ആ സ്ഫോടനം കാണാൻ ബോംബർ വിമാനത്തിലെ വൈമാനികർക്ക് അനുവാദമില്ലായിരുന്നു. മനുഷ്യന് കണ്ട് സഹിക്കാവുന്നതല്ല ആററം ബോംബിംഗ് എന്നവർക്ക് അറിയാമായിരുന്നു. വൈമാനികർക്ക് നിർദ്ദേശവുമുണ്ടായിരുന്നു: ബോംബിട്ടിട്ട് ആരും താഴേക്ക് നോക്കരുത്! ആരോ ചിലർ നോക്കിപ്പോയി. അവർ ആരംഗം കണ്ട ആഘാതത്തിൽ കടുത്ത മാനസാന്തരം വന്നവരായിത്തീർന്നു. അതിൽ ശേഷകാലം സന്യസിച്ചവരും ഉണ്ടത്രെ.



*റോബർട്ട് ഓപ്പഹെയ്മർ*

## നാഗസാക്കി

മൂന്ന് ദിവസം കഴിഞ്ഞ് ഒരു പ്ലൂട്ടോണിയം ബോംബ് ജപ്പാനിലെ നാഗസാക്കിയിലിട്ടു. അതിന്റെ ഓമനപ്പേര് 'ഫാററ്മാൻ' എന്നായിരുന്നു. 1945 ആഗസ്ററ് 9 ന് രാവിലെ 11.02 നായിരുന്നു അത്. ബോക്സ്കാർ എന്ന വിമാനത്തിനായിരുന്നു ആ ദൗത്യം. 4500 കിലോഗ്രാം ഭാരവും മൂന്നര മീററർ നീളവും ഉണ്ടായിരുന്നു ഫാററ്മാന്. സ്ഫോടനനിമിഷം തന്നെ 740000 ആളുകൾ അവിടെ മരിച്ചു. നാഗസാക്കി പള്ളിയുടെ മണിഗോപുരം തെറിച്ച് നദിയിൽ പോയി വീണു.

## ആററംബോംബിന് ശേഷം

ഈ സ്ഫോടനങ്ങളുടെ പിന്നിലെ തത്വം തന്റെ പ്രജ്ഞയിൽ ഉരുത്തിരിഞ്ഞതാണെന്ന സത്യം ഐൻസ്റ്റൈന്റെ സ്വാസ്ഥ്യം കെടുത്തി. ശാസ്ത്ര സൈദ്ധാന്തികനായിരുന്ന അദ്ദേഹം ലോകസമാധാന സംസ്ഥാപനത്തിന് വേണ്ടി അരയും തലയും മുറുക്കി ഇറങ്ങി. അതിന്റെ ഫലമത്രെ ഐൻസ്റ്റൈന്റെ അന്ത്യവർഷമായ 1955 ൽ അദ്ദേഹവും ബെർട്രാന്റ് റസലും ചേർന്ന് പ്രസിദ്ധപ്പെടുത്തിയ റസൽ - ഐൻസ്റ്റൈൻ മാനിഫെസ്റേറാ. ആ മാനിഫെസ്റേറായുടെ സംഭാവനയാണ് 1957 ൽ രൂപം കൊണ്ട 'പഗ്വാഷ് കോൺഫറൻസ് ഓൺ സയൻസ് ആന്റ് വേൾഡ് അഫേഴ്സ്' എന്ന സമ്മേളന പരമ്പര. 1995 ൽ പഗ്വാഷ് കോൺഫറൻസ് ഹിരോഷിമയിൽ നടന്നു. അത് അഭിപ്രായപ്പെട്ടത് ''ശീതയുദ്ധത്തിന്റെ അവസാനവും ആണവ ആയുധങ്ങൾ വെട്ടിച്ചുരുക്കുന്നതും ഇന്ന് ലോകത്ത് യുദ്ധം ഇല്ലായ്മ ചെയ്യുന്നതിനും ആണവ നിരായുധീകരണത്തിനും അഭൂതപൂർവ്വമായ അവസരങ്ങൾ ഒരുക്കിയിരിക്കുന്നു'' എന്നാണ്.

2005 ജൂലൈ 27 ന് പഗ്വാഷ് കോൺഫറൻസ് ഹിരോഷിമയിൽ വീണ്ടും അരങ്ങേറി. അതിന്റെ വിലയിരുത്തൽ ഇതാണ്. 1995 ന് ശേഷം അനാശാസ്യമായ ആണവ പ്രവണതകൾ ലോകത്ത് നാമ്പിടുന്ന കാഴ്ചയാണ് കാണുന്നത്. ആഗോള സുരക്ഷിതത്വം തകരാറിലായിരിക്കുന്നു. ആണവ നിർവ്യാപനത്തിൽ ആശാവഹമായി ഒന്നും നടന്നിട്ടില്ല. പുതിയ രാജ്യങ്ങൾ ആണവ പരീക്ഷണങ്ങൾ നടത്തുന്നു. പുതിയ ആണവ ആയുധങ്ങൾ നിർദ്ദേശിക്കപ്പെടുന്നു. പുതിയ സൈനിക സിദ്ധാന്തങ്ങൾ ലോകത്തെ ഗ്രസിക്കുന്നു, ആണവ ഭീകരതയുടെ കെട്ട ആശയങ്ങൾ പൊന്തുന്നു...... പഗ്വാഷ് 2005 ന്റെ അദ്ധ്യക്ഷൻ ശ്രീ എം. എസ്. സ്വാമിനാഥൻ ആണവയുദ്ധഭീഷണി ഇല്ലാതാക്കാൻ ഒരു ആറിന നിർദ്ദേശം വയ്ക്കുന്നു. അതിൽ പ്രധാനപ്പെട്ടവ ആണവ ആയുധ പ്രയോഗത്തിന് അവസാന പരിഗണന നൽകുക, ആണവ ആയുധ ഗവേഷണം അവസാനിപ്പിക്കുക, 2020 ഓടെ സമ്പൂർണ്ണ ആണവ നിരായുധീകരണം ലക്ഷ്യമിടുക, ആണവ ഭീകരതയ്ക്കുള്ള സാദ്ധ്യത കുറയ്ക്കുന്നതിന് സമ്പുഷ്ട യുറേനിയം (HEU - highly enriched uranium) നിരോധിക്കുക തുടങ്ങിയവ.

## ഇന്ന്

ഇത്തരം നിർദ്ദേശങ്ങൾ സമഗ്ര ചർച്ചയ്ക്ക് ആഗോളവ്യാപകമായി വിഷയീഭവിപ്പിയ്ക്കുന്നത് ഹിരോഷിമകൾ ആവർത്തിക്കാതെയിരിക്കാൻ സഹായകമാകും.

ചൈനയിലെ ബീജങ്ങിലും ഇറാനിലെ തെഹ്റാനിലും ഈയിടെ രണ്ട് സമ്മേളനങ്ങൾ നടന്നു. ബീജിങ്ങിൽ നടന്നത് വടക്കൻ കൊറിയയുടെ ആണവ നയം സംബന്ധിച്ച ചർച്ചയായിരുന്നു. അമേരിക്ക, ജപ്പാൻ, റഷ്യ, ചൈന, വടക്കൻ കൊറിയ, തെക്കൻ കൊറിയ എന്നീ രാജ്യങ്ങളാണ് അതിൽ പങ്കെടുത്തത്. വടക്കൻ കൊറിയയുടെ ആണവ നയത്തെ സംബന്ധിച്ച് അമേരിക്ക ഉയർത്തിയ പ്രശ്നങ്ങൾ ആയിരുന്നു വിഷയം. വടക്കൻ കൊറിയ രാജ്യരക്ഷയ്ക്കും ഊർജ്ജസംരക്ഷണത്തിനും നടത്തുന്ന എല്ലാ പരീക്ഷണങ്ങളും നിർത്തിവയ്ക്കണമെന്ന് അമേരിക്ക പറഞ്ഞു. നിരുപാധികം ഇത് അംഗീകരിക്കാൻ വടക്കൻ കൊറിയ സന്നദ്ധമല്ല. തങ്ങൾക്കെതിരെ അമേരിക്ക ആക്രമണം നടത്തുകയില്ലെന്നും തങ്ങൾക്ക് ആവശ്യമുള്ള വൈദ്യുതി നൽകാൻ സഹായിക്കുമെന്നും ഉറപ്പുനൽകിയാൽ മാത്രമെ ആണവ പരീക്ഷണ ഗവേഷണങ്ങൾ തങ്ങൾക്ക് നിർത്താനാവൂ എന്നും കൊറിയ ശഠിക്കുന്നു.

ഇറാനിലാകട്ടെ അഹമ്മദി നെജാദി അധികാരത്തിൽ വന്നപ്പോൾ നടത്തിയ നയപ്രഖ്യാപനത്തിൽ, അമേരിക്കയുടെ നിർദ്ദേശ പ്രകാരം തങ്ങളുടെ ആണവനയം ഉപേക്ഷിക്കാൻ തയ്യാറല്ല എന്നു പറഞ്ഞു. ആണവ പരീക്ഷണം സംബന്ധമായ ചില കരാറുകൾ റഷ്യയുമായി ഇറാൻ ഒപ്പുവച്ചിട്ടുണ്ട്.

1968 ൽ അമേരിക്കയും ബ്രിട്ടനും മററും ചേർന്ന് ആവിഷ്കരിച്ച എൻ പി ററി (നോൺ പ്രോലിഫെറേഷൻ ട്രീററി) യിൽ അണ്വായുധ ശക്തി അശേഷമില്ലാത്ത ചില രാജ്യങ്ങളെക്കൊണ്ട് ഒപ്പുവയ്പ്പിച്ചിരുന്നു. ഇന്ത്യയും പാക്കിസ്ഥാനും അതിന് തയ്യാറായില്ല. കാരണം ബ്രിട്ടനും അമേരിക്കയും ചെയ്യുന്ന ആണവായുധ സംഭരണം മററുള്ളവർ ചെയ്യരുത് എന്ന് പറയാൻ അവർക്ക് എന്ത് അധികാരം?

## അഭിലാഷം

ആററംബോംബിന്റെ നിർമ്മാതാവും പ്രയോക്താവുമായ അമേരിക്കയുടെ മുഷ്ക് കൊണ്ടുള്ള ആണവ നിരായുധീകരണ നാടകമല്ല ലോകത്തെ സമാധാന കാംക്ഷികൾക്ക് വേണ്ടത്. മറിച്ച് സംശുദ്ധമായ സമാധാനദാഹത്തിന്റെ ആത്മാർത്ഥമായ പ്രവർത്തനങ്ങളിലൂടെ തുയിലുണരുന്ന ശാശ്വത ശാന്തിയാണ് ലോകത്ത് ദുരയില്ലാത്തവരും അമിത അധികാരത്വരയില്ലാത്തവരും അഭിലഷിക്കുന്നത്. നമുക്ക് ഇനി 'ബിഗ് ബാങ്ങുകൾ' വേണ്ടേ വേണ്ട.

ഡോ. സി. ആർ. പ്രസാദ്
എം. ജി. കോളജ്, തിരുവനന്തപുരം

# ഇന്ദുമേനോന്റെ സംഘ് പരിവാർ

സംഘ്പരിവാർ
ഇന്ദുമേനോൻ
പ്രസാധകർ:
ഡി.സി.ബുക്സ്
വില 45 രൂപ




ഇന്ദുമേനോന്റെ രണ്ടാമത്തെ കഥാസമാഹാരമാണ് സംഘ് പരിവാർ. ഇതിൽ ഒമ്പതു കഥകളാണുള്ളത്. സംഘ്പരിവാർ എന്ന കഥ ഒഴികെ ബാക്കിയെല്ലാം സ്ത്രീപക്ഷത്തു നിന്നുകൊണ്ട് ബന്ധങ്ങളെ വിശകലനം ചെയ്യാൻ ശ്രമിക്കുന്ന രചനകളാണ്. അമ്മയുടെയും സഹോദരിയുടെയും കാമുകിയുടെയും എല്ലാം മാനസിക തലങ്ങളുടെ പുതിയഭൂമികകൾ കണ്ടെത്താൻ എഴുത്തുകാരി ശ്രമിക്കുന്നുണ്ട് എന്നു പറയാം. തുറന്നെഴുത്തിന്റെ ആഖ്യാനശാസ്ത്രം ആഘോഷിക്കാനാണ് ഈ എഴുത്തുകാരിക്ക് താല്പര്യം. "സ്ത്രീപക്ഷ വീക്ഷണം പുലർത്തിക്കൊണ്ട് ലൈംഗിക പ്രമേയങ്ങൾ ആവിഷ്കരിക്കാൻ ആർജ്ജവം പ്രകടിപ്പിച്ചിട്ടുള്ള ഇന്ദുമേനോന്റെ ഈ സമാഹാരത്തിലെ മിക്ക രചനകളും സൂക്ഷ്മമായ രാഷ്ട്രീയ വിവക്ഷകൾ ഉൾക്കൊള്ളുന്നവയാണ്" എന്ന പ്രസാധകന്റെ സാക്ഷ്യപത്രം പുസ്തകത്തിന്റെ പുറം പേജിൽ വായിക്കാം. ലൈംഗിക ബന്ധത്തിന്റെ സ്ത്രീവീക്ഷണത്തിന്റെ വെളിപ്പെടുത്തലുള്ള ആവിഷ്ക്കാരത്തിലാണ് മുമ്പു പറഞ്ഞ തുറന്നെഴുത്ത് തെളിയുന്നത്. ആ ശ്രമം തന്നെയാണ് ആർജ്ജവം എന്നതുകൊണ്ട് പ്രസാധകർ ഉദ്ദേശിക്കുന്നതെന്നു തോന്നുന്നു.

സ്ത്രീയെ ഒരു ലൈംഗിക ഉപഭോഗവസ്തുവായിക്കാണുന്ന സാമൂഹിക വീക്ഷണത്തിനെതിരായ പ്രതിഷേധം എന്ന നിലയിൽ ഈ തുറന്നെഴുത്തിനെ കാണാം. ആ രീതിയിൽ ഒരു എഴുത്തുകാരി ചെറുകഥയിൽ നടത്തുന്ന കലാപമായും ഇതിനെപ്പറയാം. ഭ്രൂണം, ദിഗംബരൻ, കന്യക, കടൽനായ, മമ്മി തുടങ്ങിയ രചനകളിൽ ഇത്തരം പരാമർശങ്ങൾ കടന്നുവരുന്നുണ്ട്. വീക്ഷണത്തെ മറവില്ലാതെ അവതരിപ്പിക്കാനുള്ള എഴുത്തുകാരിയുടെ തന്റേടം ഈ ഘട്ടങ്ങളിൽ മനസ്സിലാക്കണം. എന്നാൽ ഇതുമാത്രം അവതരിപ്പിച്ചുകൊണ്ടിരുന്നാൽ ഒരു എഴുത്തുകാരി എന്ന നിലയിൽ ഇന്ദുമേനോന്റെ ഭാവി ഇരുളടഞ്ഞതായിരിക്കും എന്നതിൽ സംശയമില്ല. സ്ത്രീ എന്നാൽ ലൈംഗികത മാത്രമാണെന്ന ബോധം എഴുത്തുകാരിക്കും ഉണ്ട് എന്നതിനു തെളിവാണ് കഥകൾ എന്ന് പറയേണ്ടുന്ന സാഹചര്യം എഴുത്തുകാരി ഒഴിവാക്കിയാൽ നന്ന്. ലൈംഗികതയുടെയും വിസർജ്ജ്യത്തിന്റെയും ഭംഗി ആസ്വദിക്കാനുള്ള കണ്ണ് ഇന്ദുമേനോനുണ്ട് എന്നതിന് തെളിവ് ഭ്രൂണം എന്ന കഥയിലുണ്ട്. അതൊക്കെ വായിക്കുമ്പോൾ സമൂഹത്തെ ഒരു സിനിക്കിൻെറ വീക്ഷണത്തിൽ മാത്രം കാണാൻ ഇഷ്ടപ്പെടുന്ന ഒരു സർഗ്ഗാത്മക മനസ്സിനെയാണ് വായനക്കാർ കാണുന്നത്. ഇത് എഴുത്തുകാരിക്ക് അപകടം വരുത്തിവയ്ക്കും എന്ന് ഉറപ്പ്.

ചെറുകഥാരചനയുടെ സാധ്യതകൾ തിരിച്ചറിയുകയും വർത്തമാന സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളോട് ശക്തമായി പ്രതികരിക്കുവാൻ കഴിയുകയും ചെയ്യുന്ന ഒരു എഴുത്തുകാരിയെ സംഘ്പരിവാർ, മമ്മി എന്നീ കഥകളിൽ കാണാം. മതവിശ്വാസങ്ങ

ളിൽ നിന്നും ചോർത്തിക്കളയപ്പെടുന്ന മൂല്യത്തെക്കുറിച്ചും അതിന്റെ ഇരകളാകാൻ വിധിക്കപ്പെടുന്ന കേവല മനുഷ്യനെക്കുറിച്ചും ഈ കഥകൾ ഓർമ്മപ്പെടുത്തുന്നുണ്ട്. മതചിഹ്നങ്ങൾ സ്പർദ്ധയുടെയും അക്രമത്തിന്റെയും ചൂഷണത്തിന്റെയും പ്രതീകങ്ങളായി മാറുന്നുണ്ട്. അത്തരം പ്രതീകങ്ങൾ ഇന്ന് മനുഷ്യരിൽ ഉണ്ടാക്കുന്ന വിഹ്വലതകൾ ചെറുതല്ല. അക്കാര്യത്തിൽ സ്ത്രീയെന്നോ പുരുഷനെന്നോ ഉള്ള വ്യത്യാസം ഒട്ടില്ലതാനും. മമ്മിയിൽ കന്യാസ്ത്രീമഠത്തിൽ നടക്കുന്ന ലൈംഗിക ചൂഷണത്തെ അവതരിപ്പിക്കുമ്പോൾ സംഘ്പരിവാറിൽ ഹൈന്ദവ ഫാസിസ്ററുകൾ സാധാരണക്കാരിൽ സൃഷ്ടിച്ചിരിക്കുന്ന ഭീതിയെ ആണ് ചൂണ്ടിക്കാട്ടുന്നത്. ഇതിന്റെ ഒരു സാധ്യത ദിഗംബരൻ എന്ന കഥയിലും ഉണ്ട്. മററു കഥകൾക്കില്ലാത്ത രാഷ്ട്രീയ വീവക്ഷ ഈ കഥകൾക്കുള്ളത് കാണാതിരുന്നുകൂടാ.

ലെസ്ബിയൻ പശു എന്ന ആദ്യകഥാ സമാഹരത്തിൽ ഇന്ദുമേനോൻ തന്റെ വീക്ഷണ പക്ഷം ഏതാണെന്നും രചനാരീതി ഏതാണെന്നും തെളിയിച്ചിട്ടുണ്ട്. അത് ഉറപ്പിച്ച് പറയാൻ അവതാരികയ്ക്കായി ഒരു എഴുത്തുകാരിയെ സമീപിക്കാതെ സക്കറിയയെന്ന എഴുത്തുകാരിയെ സമീപിക്കാതെ സക്കറിയയെ കൂട്ടുപിടിച്ചതിലൂടെയുള്ള ചിന്താദാസ്യം അന്നേ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ സമാഹാരത്തിൽ അങ്ങനെയൊരു ശ്രമം നടന്നിട്ടില്ലാത്തത് നന്ന്.

ഇന്ദുമേനോനെ കഥാചരിത്രം അടയാളപ്പെടുത്തുന്നത് സംഘ്പരിവാർ, മമ്മി എന്നീ കഥകളിലൂടെയാവിരിക്കും. കൂടി വന്നാൽ സ്ത്രീപക്ഷത്തിന്റെ തെളിയിരിക്കും. കൂടി വന്നാൽ മററതെങ്കിലും ഒരു രചന കൂടിവെന്ന രീതിയിൽ മററതെങ്കിലും ഒരു രചന കൂടി എടുത്തു കൂടന്നില്ല. ലൈംഗികാവയവങ്ങളുടെയും വിസർജ്ജ്യത്തിന്റെയും സഹായമില്ലാതെ സ്ത്രീപക്ഷ ചിന്ത ശക്തമായി ആവിഷ്കരിക്കാൻ എങ്ങനെകഴിയും എന്ന് മനസ്സിലാക്കാൻ ഇന്ദുമേനോൻ സാറാ ജോസഫിനെയും ഗ്രേസിയേയും മററും വായിക്കുന്നത് നന്നായിരിക്കും. എഴുത്തുകാരി എന്ന നിലയിൽ ഇന്ദുമേനോന്റെ സർഗ്ഗ ശക്തി അല്പം പോലും ഇവിടെ കുറച്ചുകാണുന്നില്ല. അതിനു തെളിവാണ് മുമ്പു പറഞ്ഞ രണ്ടുകഥകൾ. അതു തിരിച്ചറിയുകയും പെട്ടെന്നുള്ള വികൃതാഘോഷങ്ങളെ ഒഴിവാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു എന്നു തോന്നുന്നു.



ദത്താപഹാരം
വി. ജെ. ജെയിംസ്
*പ്രസാധകർ:*
ഡി.സി.ബുക്സ്
വില 60 രൂപ

# നൽകിയത് തിരിച്ചെടുക്കുമ്പോൾ

വി.ജെ. ജയിംസിന്റെ ദത്താപഹാരം എന്ന നോവൽ മാനവസംസ്കൃതിയുടെ ഏററവും പുതിയ പരിതസ്ഥിതിയിൽ നിന്നുള്ള ഒരു തിരിഞ്ഞു നോട്ടമാണ്. ശാസ്ത്ര നീരിക്ഷണങ്ങളുടെ പിൻബലത്തിൽ പ്രപഞ്ചത്തിന്റെ ഉടമയായി അഭിനയിച്ച് പ്രകൃതിയുടെ മേൽ കടന്നു കയററം നടത്തുന്ന പുതിയ മനുഷ്യന്റെ ജീവിതക്രമങ്ങൾ ഒരു ഭാഗത്തും ചിലപ്പോഴെങ്കിലും പഴയ സൗഹൃദത്തോടെ മടക്കിവിളിക്കുന്ന പ്രകൃതിയുടെ ആദിമചോദന മറുഭാഗത്തും നില്ക്കുന്നുണ്ട്. ഇതിനിടയിൽ ഉണ്ടാകുന്ന സംഘർഷം ചിലർക്കെങ്കിലും വേദനയുണ്ടാക്കാറുണ്ട്. ഇതിനെ ആഖ്യാനം ചെയ്യാനുള്ള ശ്രമമാണ് ജയിംസ് നടത്തുന്നതെന്നു പറയാം.

എഞ്ചിനിയറിംഗ് വിദ്യാർത്ഥികളായ ഫ്രെഡി റോബർട്ട്, സഹദേവ അയ്യർ, സുധാകരൻ, മുഹമ്മദ് റാഫി, മഹേഷ്, മീര എസ്. നായർ എന്നിവരുടെ കാനനയാത്രയാണ് ഈ രണ്ടു രചനയുടെ കാതൽ. സീനിയർ വിദ്യാർത്ഥിയായ ഫ്രെഡിയുടെ റാഗിങ്ങിൽ നിന്നും രക്ഷപെടാനുള്ള മാനസികാവസ്ഥയും അവന്റെ ചില രക്ഷപെടുത്തലും ഒത്തു ചേരുന്നിടത്താണ് ഈ കൂട്ടായ്മ ഉണ്ടാകുന്നത്. പാണ്ഡവരും പാഞ്ചാലിയായി മീരയും. ഫ്രെഡിയുടെ കാനന പ്രേമം അവർക്ക് കൂട്ടായ യാത്രകൾക്ക് പ്രേരകമായിട്ടുണ്ട്. എന്നാൽ, ഒരു ദിവസം ഫ്രെഡി അവരിൽ നിന്നും അപ്ര

ത്യക്ഷനാകുന്നു. കാട്ടിൽ അണക്കെട്ടിന്റെ സാധ്യത പഠിക്കാനെത്തിയ പരിസ്ഥിതി ഗവേഷക സംഘം ഒരു കാട്ടുമനുഷ്യനെ കണ്ടു എന്ന പത്രവാർത്തയാണ് ഫ്രെഡ്ഡിയുടെ കൂട്ടുകാരെ, അവനെ അന്വേഷിക്കാൻ പ്രേരിപ്പിച്ചത്. നോവൽ പത്രവാർത്തയിലാണ് തുടങ്ങുന്നത്. മീരയെകൂട്ടി നാൽവർസംഘം കാട്ടിലേക്ക് കയറുകയാണ്.

ഉദ്വേഗജനകമായ ഒരു യാത്രയുടെ ആഖ്യാനം നടത്തുന്ന നോവൽ മനുഷ്യപ്രകൃതിയുടെ ആദിമചലനങ്ങൾ വരച്ചിടാൻ ശ്രമിക്കുന്നുണ്ട്. ആത്യന്തികമായി മനുഷ്യപ്രകൃതി എന്താണെന്നും പുതിയ പരിണാമത്തിൽ എത്തി നില്ക്കുമ്പോഴും അവനെ പിന്മടക്കുന്ന ചേതോവികാരം എന്തെങ്കിലും ഉണ്ടോ എന്നും നോവൽ പരിശോധിക്കുന്നു. പരിസ്ഥിതി എന്ന വലിയ ഭൂമിയിൽ മനുഷ്യൻ നടത്തുന്ന ചെറുചലങ്ങൾ താരതമ്യപ്പെടുത്താനുള്ള നോവലിസ്ററിന്റെ ശ്രമം കാണാതിരുന്നുകൂടാ. പാരിസ്ഥിതിക അവബോധത്തിൽ നിന്നും അകന്നുപോകുന്ന മാനവികതയുടെ പുതിയ മൂല്യത്തെക്കുറിച്ച് പറയാനാണ് എഴുത്തുകാരൻ ശ്രമിക്കുന്നത്. സ്വാതന്ത്ര്യത്തിന്റെ സാധ്യതകളും അതിനുവേണ്ട ബാധ്യതകളും ഒരുപോലെ ഓർമ്മപ്പെടുത്തുന്നു ഈ രചന. സ്വാതന്ത്ര്യദിനത്തിലെ പത്രറിപ്പോർട്ടും പിറേറന്ന് പത്രം അവധിയാണെന്ന അറിയിപ്പും ചേർത്തു വായിക്കുമ്പോൾ നോവലിന്റെ ലക്ഷ്യം കൃത്യമായി കിട്ടുന്നുണ്ട്.

### Instructions sent out to colleges / Universities

# UGC for Right to Information

The Act provides for right to information for citizens to access information under the control of public authorities which, in turn, will promote transparency and accountability. Since all the universities and colleges have been established either by specific laws enacted by parliament or State legislatures or are wholly or substantially financed by the government they will all be covered under the Act. And unambiguously so.

The UGC has advised all universities and colleges "to carefully go through this Act and take necessary steps for implementation of various provisions including proactive disclosure of certain kind of information. Such information shall be made available to the public at large through the website by the concerned university/college."

While some provisions of the Act, UGC points out, have come into effect immediately on its enactment on 15 June 2005, other provisions shall come into effect on 100/120 days of the enactment.

*Full text of UGC notification is as under:*

**Implementation of "The Right to information Act, 2005' in the Universities/Colleges.**

The Right to information Act. 2005 (22 of 2005) has been enacted by the parliament and has come into force from 15 June, 2005. This Act provides for right to information for citizens to secure access to informatiion under the control of public authorities in order to promote transparency and acountability in the working of every public authority. All Universities and Colleges established by law made by parliament or by State Legislature or by notification by the appropriate Government or owned, controlled or substantially financed directly or indirectly by funds provided by the Government shall come within the meaning of a public Authority under this Act.

Whereas, some provisions of this act have come into effect immediately on its enactment that is on 15 June 2005), other provisions shall come into effect on 100 / 120 days of its enactment. All universities and colleges are therefore advised to carefully go through this Act and take necessary steps for implementation of various provisions including proactive disclosure of certain kind of information. Such information shall be made available to the public at large through the website by the concerned university/college.

The full text of the Act and frequently asked questions for implementation of the act are available on the website www.persmin.nic.in/RTI/RTI - Welcome.h.tm.

# സർവ്വീസ് പംക്തി

യു.ജി.സി. ശമ്പളപരിഷ്കാരത്തിന്റെ ഭാഗമായുള്ള കരിയർ അഡ്വാൻസ്മെന്റിന് മുൻകാല സർവീസ് പരിഗണിക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള നിബന്ധനകൾ വിശദീകരിക്കാമോ? ഞാൻ പ്രൈവററ് കോളജ് അധ്യാപിക ആകുന്നതിന് മുമ്പ് നാലുമാസം എംപ്ലോയ്മെന്റ് എക്സേഞ്ച് മുഖേന ഗവൺമെന്റ് കോളജിൽ അധ്യാപികയായിരുന്നിട്ടുണ്ട്. ഈ സർവീസ് കരിയർ അഡ്വാൻസ്മെന്റിന് പരിഗണിക്കുമോ?

കേരളാ ഗവൺമെന്റ് 22 - 12 - 99 ൽ പുറത്തിറക്കിയ 171/99/H.Edn നമ്പറായുള്ള ഉത്തരവിൽ, കരിയർ അഡ്വാൻസ്മെന്റിന് മുൻകാല സർവ്വീസ് പരിഗണിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിബന്ധനകൾ കൊടുത്തിട്ടുണ്ട്.

ഒരു യൂണിവേഴ്സിററിയിലേയോ, കോളേജിലേയോ, ദേശീയ പ്രാധാന്യമുള്ള ലാബ്രട്ടറിയിലേയോ അല്ലെങ്കിൽ ഗവേഷണ സ്ഥാപനത്തിലേയോ ബ്രേയിക്കില്ലാതെ, ലക്ചററായിട്ടുള്ളതോ അല്ലെങ്കിൽ അതിന് തുല്യമോ ആയിട്ടുള്ള മുൻകാല സർവീസ്, താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി, സീനിയർ സ്കെയിൽ/സെലക്ഷൻ ഗ്രേഡ് പ്ളെയ്സ്മെന്റിന് കണക്കാക്കാം എന്ന് പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുണ്ട്.

1. പ്രസ്തുത തസ്തിക, ലക്ചറർ തസ്തികയ്ക്ക് തുല്യമോ അല്ലെങ്കിൽ അതിന്റെ ശമ്പളസ്കെയിൽ ലക്ചററുടെ ശമ്പളസ്കെയിലിന് തുല്യമോ ആയിരിക്കണം.
2. പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിനുള്ള യോഗ്യത, യു.ജി.സി. നിശ്ചയിച്ചിട്ടുള്ള ലക്ചററുടെ യോഗ്യതയിൽ കുറയാൻ പാടില്ല.
3. നേരിട്ടുള്ള നിയമനത്തിന് അപേക്ഷിക്കുന്നവർ പ്രോപ്പർ ചാനലിൽക്കൂടി അപേക്ഷിക്കണം.
4. പ്രസ്തുത ലക്ചറർമാർക്ക്, യു.ജി.സി. ലക്ചറർ നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതയുണ്ടായിരിക്കണം.
5. പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തിയിട്ടുള്ളത് യൂണിവേഴ്സിററി/സംസ്ഥാന ഗവൺമെന്റ് / കേന്ദ്രഗവൺമെന്റ് /പ്രസ്തുത സ്ഥാപനം ഇവയുടെ നിയമങ്ങൾ അനുസരിച്ചായിരിക്കണം.

മുമ്പ് ലഭിച്ച നിയമനം താത്കാലികമോ ഒരു വർഷത്തിൽ താഴെ ദൈർഘ്യമുള്ള ലീവ് വേക്കൻസിയിലേക്കുള്ളതോ ആകാൻ പാടില്ല. ഒരു വർഷത്തിൽ കൂടുതൽ ദൈർഘ്യമുള്ള താത്കാലിക സർവ്വീസ് നിബന്ധനകൾക്ക് വിധേയമായി പരിഗണിക്കും.

a. നിയമപരമായി രൂപീകരിച്ച കമ്മററിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കണം നിയമനം നടത്തിയിട്ടുള്ളത്.

b. താത്കാലിക സർവീസിന് തുടർച്ചയായി ബ്രേയിക്കില്ലാതെ, സ്ഥിരം തസ്തികയിലേക്ക് നിയമനം ലഭിച്ചിരിക്കണം.

എന്നിരുന്നാലും, കേരളത്തിന് പുറത്തുള്ള മുൻകാല സർവീസ് നോഷണൽ ഫിക്സേഷന് മാത്രമേ കണക്കാക്കുകയുള്ളൂ എന്നും അതു പ്രകാരമുള്ള പ്ളെയ്മെന്റിന് ശമ്പളകുടിശ്ശികക്ക് അർഹതയില്ലായെന്നും 5 - 10 - 1999 ലെ 25/99/H.Edn. നമ്പറായുള്ള ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഒരു വർഷത്തിൽ താഴെ ദൈർഘ്യമുള്ള താത്കാലിക സർവ്വീസ്സായിരുന്നതുകൊണ്ട് സീനിയർ സ്കെയിൽ/സെലക്ഷൻ ഗ്രേഡ് പ്ളെയ്സ്മെന്റിന് താങ്കളുടെ മുൻകാല സർവീസ് പരിഗണിക്കാൻ സാധ്യതയില്ല.

മുൻകാല സർവീസ് പരിഗണിക്കാൻ സാധ്യതയില്ല.

---

മുമ്പ് രണ്ടു പ്രൈവററ് കോളജ് അധ്യാപകനാകുന്നതിന് മുമ്പ് രണ്ടു വർഷത്തോളം ഞാൻ കേന്ദ്രഗവൺമെന്റ് സർവീസിൽ ക്ളെറിക്കൽ തസ്തികയിൽ ജോലി ചെയ്തിരുന്നു. 2007 മാർച്ചിൽ ഞാൻ സർവ്വീസിൽ നിന്നു വിരമിക്കും. എന്റെ കേന്ദ്രഗവൺമെന്റ് സർവീസ് ഇവിടുത്തെ പെൻഷന് പരിഗണിക്കുമോ? പരിഗണിക്കുമെങ്കിൽ ആ സർവീസ് കൂടി കണക്കാക്കി പെൻഷൻ വാങ്ങാനുള്ള നടപടിക്രമം എന്താണ്?

6.12.2003 ലെ 352/03/Fin നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരുടെ മുൻകാല കേന്ദ്ര ഗവൺമെന്റ് സർവീസിനുള്ള മുഴുവൻ പെൻഷൻ ബാദ്ധ്യതയും സംസ്ഥാന ഗവൺമെന്റ് ഏറെറടുക്കുമെന്ന് ഉത്തരവായിട്ടുണ്ട്. ആനുപാതികമായുള്ള പെൻഷൻ വിഹിതത്തിന്റെ ബാദ്ധ്യത കേന്ദ്ര ഗവൺമെന്റ് വഹിക്കണമെന്നുള്ള നിബന്ധനയും സംസ്ഥാന ഗവൺമെന്റ് ഒഴിവാക്കി. അതുകൊണ്ട് താങ്കൾക്ക് കേന്ദ്രഗവൺമെന്റ് സർവീസ് കൂടി കണക്കാക്കി പെൻഷൻ ലഭിക്കേണ്ടതാണ്. കേന്ദ്ര ഗവൺമെന്റ് സർവീസ് കൂടി കണക്കാക്കി പെൻഷൻ ലഭിക്കേണ്ടതാണ്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനത്തിന്റെ മേലധികാരിയുടെ പക്കൽ നിന്ന് ആവശ്യമായ സർവീസ് സർട്ടിഫിക്കററുകൾ വാങ്ങി കോളജ് പ്രിൻസിപ്പാൾ മുഖേന കോളജ് വിദ്യാഭ്യാസ ഡയറക്ടർക്ക് എഴുതി അനുകൂല ഉത്തരവ് നേടുക.

വായനക്കാരുടെ സർവ്വീസ് സംബന്ധമായ സംശയങ്ങൾക്ക് എഴുതുക.

പ്രൊഫ. കെ. എസ്. ജയചന്ദ്രൻ
മേഘന, മണ്ണുത്തി പി. ഒ., തൃശ്ശൂർ- 680 651
ഫോൺ: 0487-2371971

# Environmental Sustainability Index

P.S. Mohan Kumar

*Sree Sankara College, Kalady*

Environmental Sustainability Index (ESI) 2005 ranked India 101 out of 146 countries taken up for analysis. The ranking was based on several indicators like natural resource endowments, past and present pollution levels and policy efforts. The top in the list are those countries with abundant natural resources and very low population. Finland has secured the first ranking followed by Norway, Sweden and Iceland. Even countries like Uruguay an Guyana find a place in the top ten. Japan, Germany the Netherlands and Italy also received above average rankings. Environment is not given priority by countries like India hero poverty. and unemployment are big problems. Our environment technology is still in its infant stage. Environmental sustainability will become a reality only when every citizen is aware of the need to preserve the ecological balance. WHO has observed that over To percent of all human ailments are caused by environmental decay. The use of chemical insecticides, pesticides, pollution from vehicles, improper management of sewage, all cause ecological problems. One has to strike a balance between development and ecosystem for sustainable development.

## Prevention of Money Laundering Act

The prevention of money laundering Act 2002 (PMLA) was amended in 2005 with the following objectives

1. to prevent and control money laundering
2. to confiscate and seize property obtained from laundered money.
3. to deal with any other issue connected with money laundering.

## Global Energy Crisis

The international Energy Agency points a sobering picture in its World Energy Outlook 2004. Some of the highlights are given below. Energy needs will be almost 60% higher by 2030 – with two-thirds of the increase in demand coming from developing countries. Consumption of natural gas will almost double by 2030, overtaking that of coal within the next decade.

- Global demand for oil is projected to grow by 1.6% a year.
- OPEC are expected to meet over half of their demand.
- Carbon dioxide, (energy-related) emissions will be more than 60% of the projected rise in emissions come from developing countries (if govt. polices do not charge
- Converting the world's energy resources into available supplies will require massive investments – possibly some & 16 trillion form 2003 to 2030 or & 568 billion per year.
- In OECD countries the energy-related emissions of carbon-dioxide would level off by the 2020 and then begin to decline.
- If government policies change non-OECD countries can reduce emissions by 60%.

## കേരള യൂണിവേഴ്സിററി ടീച്ചേഴ്സ് അസോസിയേഷൻ

### യൂണിവേഴ്സിററി ആഫീസിനുമുന്നിൽ അധ്യാപക ധർണ

യൂണിവേഴ്സിററി അധ്യാപകർ യൂണിവേഴ്സിററി ആഫീസിനു മുന്നിൽ കൂട്ട ധർണ നടത്തി.

സിൻഡിക്കേററ് തെരഞ്ഞെടുപ്പ് ഉടൻ നടത്തുക, അക്കാദമിക കൗൺസിലും ഫാക്കൽററിയും പുനഃസംഘടിപ്പിക്കുക, നോമിനേററഡ് സിൻഡിക്കേററിന്റെ അതിരുവിട്ട പ്രവർത്തനങ്ങൾ നിയന്ത്രിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ധർണ്ണ.

എം. ജി സർവ്വകലാശാല മുൻ പ്രോ- വൈസ് ചാൻസിലർ ഡോ. എൻ. രവീന്ദ്രനാഥ് ധർണ ഉത്ഘാടനം ചെയ്തു. എ.കെ.പി. സി.ടി.എ, എ.കെ.ജി. സി.ടി, എംപ്ളോയീസ് യൂണിയൻ എന്നീ സംഘടനകൾ അഭിവാദ്യം അർപ്പിച്ചു.

കെ. എസ്. ടി. എ

## കെ എസ് ടി എ കാൽനട ജാഥകൾ തുടങ്ങി

പൊതുവിദ്യാഭ്യാസം സംരക്ഷിക്കുക, വിദ്യാഭ്യാസക്കച്ചവടം അവസാനിപ്പിക്കുക എന്നീ മുദ്രാവാക്യങ്ങളുയർത്തി ആഗസ്ത് 25ന് നടക്കുന്ന ബഹുജന സംഗമത്തിന്റെയും പൊതു വിദ്യാഭ്യാസ സംരക്ഷണപ്രതിജ്ഞയുടെയും പ്രചരണാർത്ഥം കെ എസ് ടി എ സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന ജില്ലാതല കാൽനട ജാഥകൾ വിവിധ കേന്ദ്രങ്ങളിൽ ഉദ്ഘാടനം ചെയ്തു.

- Fossil fuels will continue to dominate the energy mix, while the shares of nuclear power and renewable energy sources will remain limited.
- More of the increase in oil demand will come from the transport sector, especially in OECD countries.

Glossary

Repo: Repo is a system which enables a bank to borrow money in the short-term by selling government securities or bonds to another bank or institutions with an agreement to buy securities bank after a specified time place. It is also called repurchase agreement. In reverse repo RBI borrows from bank by selling them securities and buying them at a future date.

കെ. ജി. ഒ. എ

## സ്വാശ്രയ വിദ്യാഭ്യാസ നിയമം : പൊതു അഭിപ്രായം രൂപീകരിക്കണം.

സ്വാശ്രയ വിദ്യാഭ്യാസ നിയമം സംബന്ധിച്ച് കേരളം പൊതു അഭിപ്രായ രൂപീകരണം നടത്തണമെന്ന് കെ.ജി.ഒ.എ സെമിനാർ അഭിപ്രായപ്പെട്ടു. പൊതുപൗരാവകാശങ്ങളെയും പൊതുനിയന്ത്രണത്തെയും അതിജീവിച്ച് സ്വകാര്യ ലാഭാവകാശങ്ങളെ സ്ഥാപിക്കാനാണിത് ഇട നൽകുകയെന്ന് സെമിനാർ അഭിപ്രായപ്പെട്ടു. ഉന്നത പ്രൊഫഷണൽ വിദ്യാഭ്യാസമേഖലയിൽ സ്വകാര്യ കച്ചവടമേഖല കടന്നു വന്നിട്ട് അവരെ നിയന്ത്രിക്കാൻ നിയമം ഉണ്ടാക്കാനോ നയം നടപ്പാക്കാനോ രാഷ്ട്രീയ നേതൃത്വം പരാജയപ്പെട്ടതാണ് ഇപ്പോഴത്തെ അരാജകാവസ്ഥയ്ക്ക് കാരണം. കേരള സർക്കാരിൻെറ ഏകപക്ഷീയ നിലപാടല്ല കേരളജനതയുടെ സാമൂഹ്യ നിലപാടാകണം അതിൽ പ്രതിഫലിക്കേണ്ടതെന്ന് പൊതുചർച്ചയ്ക്ക് നേതൃത്വം നൽകി ഡോ.എൻ. കെ ജയകുമാർ പറഞ്ഞു.

## സ്വകാര്യ കോളജിൽ ആശ്രിത നിയമനം വേണം: കേരള നോൺ ടീച്ചിങ് സ്ററാഫ് അസോസിയേഷൻ

സ്വകാര്യ കോളജിലെ ജീവനക്കാർക്ക് ആശ്രിതനിയമനം ഏർപ്പെടുത്തണമെന്ന് കേരള നോൺ ടീച്ചിങ് സ്ററാഫ് യൂണിയൻ മൂന്നാം സംസ്ഥാനസമ്മേളനം ആവശ്യപ്പെട്ടു. സ്വാശ്രയകോളജ് പ്രവേശനം സംബന്ധിച്ച് സുപ്രീംകോടതി വിധി വന്നതോടെ വിദ്യാഭ്യാസ കച്ചവടക്കാർക്ക് എന്തും ചെയ്യാമെന്ന സ്ഥിതിയാണെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത് കോടിയേരി പറഞ്ഞു. എ കെ പി സി ടി എ ജനറൽ സെക്രട്ടറി പ്രൊഫ. എ പ്രതാപചന്ദ്രൻ നായർ, കേരള എൻ ജി ഒ യൂണിയൻ ജനറൽ സെക്രട്ടറി സി എച്ച് അശോകൻ, സുനിൽ പി. നായർ, എൻ സത്യാനന്ദൻ എന്നിവർ സംസാരിച്ചു. മേയർ പ്രൊഫ. ജെ. ചന്ദ്ര സ്വാഗതം പറഞ്ഞു.

പുരോഗമന കലാ സാഹിത്യ സംഘം

## വിദ്യാഭ്യാസ രംഗത്ത് സാമൂഹിക നീതി രാഹിത്യം

